# ഇൻഫർമേഷൻ- പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ ശ്രീ എസ്. ഹരികിഷോറിന്റെ അദ്ധ്യക്ഷതയിൽ 24.06.2021-ന് ചേർന്ന പത്രപ്രവർത്തകേതര പെൻഷൻ ഉപസമിതി യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം രാവിലെ 11.00-ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ശ്രീ കെ. സന്തോഷ് കുമാർ, അഡീഷണൽ ഡയറക്ടർ (ജി & എ) , ഐ&പി.ആർ.ഡി
2) ശ്രീ സി. മോഹനൻ, ജനറൽ സെക്രട്ടറി, കേരള ന്യൂസ് പേപ്പർ എംപ്ലോയീസ് ഫെഡറേഷൻ
3) ശ്രീ ശിവകുമാരൻ നായർ എം. സി, പ്രസിഡന്റ്, കേരള ന്യൂസ് പേപ്പർ എംപ്ലോയീസ് ഫെഡറേഷൻ
4) ശ്രീ വി. ബാലഗോപാൽ, ജനറൽ സെക്രട്ടറി, ആൾ ഇന്ത്യാ ന്യൂസ് പേപ്പർ എംപ്ലോയീസ് ഫെഡറേഷൻ
5) ശ്രീമതി കൃഷ്ണപ്രിയ ഡി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6) ശ്രീമതി സീന എ. എൻ, ഡെപ്യൂട്ടി സെക്രട്ടറി, ഐ&പി.ആർ.ഡി
7) ശ്രീ പ്രമോദ് കുമാർ കെ. ആർ, ഡെപ്യൂട്ടി ഡയറക്ടർ (പെൻഷൻ), ഐ&പി.ആർ.ഡി
8) ശ്രീമതി സെലീന എ, അക്കൗണ്ട്സ് ഓഫീസർ, ഐ&പി.ആർ.ഡി
9) ശ്രീമതി ഷൈജ, അണ്ടർ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ് (ഓൺലൈനായി പങ്കെടുത്തു)

## ആമുഖം

2018 മെയ് 15-ലെ മാനേജിങ് കമ്മിറ്റി യോഗത്തിനു ശേഷം രണ്ട് ഉപസമിതി യോഗങ്ങൾ നടത്തിയിരുന്നു. കൂടാതെ പത്രപ്രവർത്തകേതര സംഘടന ഉന്നയിച്ച ആവശ്യങ്ങളിന്മേൽ 2021 ജനുവരി 29-നു ഒരു പ്രത്യേക യോഗവും നടത്തുകയുണ്ടായി. പത്രപ്രവർത്തകേതര പെൻഷൻ മാനേജിങ് കമ്മിറ്റി ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11-02-2021ൽ ഓൺലൈനായി യോഗം ചേരുകയുണ്ടായി. സമയപരിമിതി കാരണം വ്യക്തിഗതവിഷയങ്ങൾ പ്രസ്തുത യോഗത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല.

11-02-2021-ലെ യോഗതീരുമാനപ്രകാരം പുറപ്പെടുവിച്ച സ.ഉ.(സാധാ)73/2021/ഐ&പി.ആർ ഉത്തരവിലെ വിഷയം നം. 7 പ്രകാരം ഉപസമിതിക്ക് കൂടുതൽ ഉത്തരവാദിത്വം/അധികാരം നൽകിയിട്ടുണ്ട്. താൽക്കാലിക അംഗത്വം, താൽക്കാലിക പെൻഷൻ, അംഗത്വം പുനഃസ്ഥാപിക്കൽ തുടങ്ങിയ വിഷയങ്ങളിൽ ഡയറക്ടറുടെ തീരുമാനം സാധൂകരിക്കാനും അതുവഴി പെൻഷൻ, അംഗത്വം എന്നിവ സ്ഥിരപ്പെടുത്താനും ഉള്ള അധികാരം ഉപസമിതിക്ക് നൽകിയിട്ടുണ്ട്. ഉപസമിതി യോഗതീരുമാനപ്രകാരം ഉത്തരവ് ഇറക്കാം എങ്കിലും പ്രസ്തുതതീരുമാനങ്ങൾ ആത്യന്തികമായി മാനേജിങ് കമ്മിറ്റിയുടെ സാധൂകരണത്തിനു വിധേയമാണ്.

ഉത്തരവിലെ വിഷയം നം.8 പ്രകാരം 2018 മെയ് 15-ലെ കമ്മിറ്റി യോഗത്തിന് ശേഷം 26.08.2019, 20.02.2020 തീയതികളിൽ കൂടിയ ഉപസമിതി യോഗശുപാർശകൾക്ക് അംഗീകാരം നൽകുന്നതിനും 11.02.2021-ലെ കമ്മിറ്റി യോഗത്തിൽ പരിഗണനയ്ക്ക് വരാത്ത വ്യക്തിഗത വിഷയങ്ങൾ തുടങ്ങിയവ പരിശോധിക്കുന്നതിനും തീരുമാനം എടുക്കുന്നതിനും ഉപസമിതിയെ ചുമതലപ്പെടുത്തിക്കൊണ്ടും, ഉപസമിതി യോഗത്തിൽ പ്രത്യേക ക്ഷണിതാക്കളായി മറ്റ അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## യോഗതീരുമാനങ്ങൾ

### 1) അംഗത്വം തുടങ്ങുന്നതും അംശദായം അടച്ചു തുടങ്ങേണ്ടതുമായ തീയതിയുടെ സ്പഷ്ടീകരണം

2000 ഫെബ്രുവരി 4-ലെ സർക്കാർ ഉത്തരവിലൂടെ പത്രപ്രവർത്തകേതര പെൻഷൻ പദ്ധതി ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുൻപ് സർവീസിൽ പ്രവേശിച്ച ഭൂരിഭാഗം അംഗങ്ങളും 2004 ജനുവരി മുതലാണ് അംശദായം അടച്ചു തുടങ്ങിയത്.

"പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംഗത്വം ലഭിച്ച് പാസ് ബുക്ക് ലഭിക്കുന്ന ജീവനക്കാർ 2004-ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചവർ 1.1.2004 മുതൽ പ്രതിമാസം 100 രൂപ നിരക്കിലും 1.4.2011 മുതൽ പ്രതിമാസം 150/-രൂപ നിരക്കിലും അംശദായം അടയ്ക്കേണ്ടതാണ്" എന്ന് 22.11.2012 -ൽ പുറപ്പെടുവിച്ച 2907/E2/2012/I&PRD സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇത് ചട്ടപ്രകാരമല്ല.

"ഒരംഗം ജോലിയിൽ പ്രവേശിച്ച തീയതി മുതൽ അംശദായം അടയ്ക്കേണ്ടതാണ് " എന്ന് ചട്ടം 9ൽ പറയുന്നു. 6-12-17ലെ 1916930/ഇ2/2017/ഐ&പിആർ നമ്പർ സർക്കുലറിൽ പറയുന്നത് "അംഗത്വം നേടിയത് മുതൽ അംശദായം അടയ്ക്കണം" എന്നാണ്. ചട്ടം 9ലെ മേൽപ്പറഞ്ഞ വ്യവസ്ഥ, മാനേജിങ് കമ്മിറ്റിക്കു ശുപാർശ നൽകാൻ നിയുക്തമായ ഉപസമിതി തീരുമാനപ്രകാരം മാത്രമോ മേൽപ്പറഞ്ഞ വകുപ്പ് തലത്തിലുള്ള സർക്കുലറുകൾ പ്രകാരമോ മാറ്റാൻ കഴിയുന്നതല്ല. ഉപസമിതി ശുപാർശയിന്മേൽ മാനേജിങ് കമ്മിറ്റി ശുപാർശയോടെയോ അല്ലാതെയോ സർക്കാർ തീരുമാനം എടുത്തു ചട്ടത്തിൽ ഭേദഗതി വരുത്തേണ്ടിയിരുന്നു. അപ്രകാരം സർക്കാർ ഉത്തരവ് ഇറങ്ങിയതായി കാണുന്നില്ല.

അംഗത്വത്തിനു പ്രാബല്യം അഥവാ അംശദായം അടച്ചു തുടങ്ങേണ്ട തീയതി , ജോലിയിൽ പ്രവേശിച്ച തീയതിയാണോ സ്ഥിരപ്പെട്ട തീയതി ആണോ എന്നതിൽ വ്യക്തതയില്ല. ഒട്ടേറെ അപേക്ഷകരെ ഇത് ബാധിക്കുന്നുണ്ട് എന്നതിനാൽ ഈ വിഷയത്തിൽ പൊതുവായ തീരുമാനം ഉണ്ടാകേണ്ടിയിരിക്കുന്നു. ചട്ടം നിലവിൽ വരുന്നതിനു മുൻപ് ജോലിയിൽ പ്രവേശിച്ചവർക്കു (ചട്ടം നിലവിൽ വരുന്നതിനു മുൻപ് പത്രപ്രവർത്തകേതര ജീവനക്കാർ ആയിരിക്കുകയും ചട്ടം നിലവിൽ വന്നതിനു ശേഷം അംഗത്വം നേടുകയും ചെയ്തവർ) പ്രസ്തുത തീയതി ബാധകമാണോ എന്ന വിഷയത്തിലും തീരുമാനം ആവശ്യമാണ്.

ചട്ടം നിലവിൽ വരുന്നതിനു മുൻപ് ജോലിയിൽ പ്രവേശിച്ച അപേക്ഷകൻ ഇപ്പോൾ അടച്ച ആകെ തുക മാത്രം അംശദായം അടച്ചാൽ മതിയോ, ഇനി അടയ്ക്കേണ്ടതുണ്ടെങ്കിൽ ഏതു തീയതി മുതൽ അടയ്ക്കണം, ഏതു നിരക്കിൽ അടയ്ക്കണം, പിഴപ്പലിശ കൂടി അടയ്ക്കേണ്ടതുണ്ടോ, എത്ര ശതമാനം പിഴപ്പലിശ എന്നീ വിഷയങ്ങൾ കണക്കിൽ എടുത്തു ചർച്ച നടത്തി.

പദ്ധതി സംബന്ധിച്ച ഉത്തരവ് 2000 ൽ ഇറങ്ങിയെങ്കിലും അത് ഉദ്ഘാടനം ചെയ്യപ്പെട്ടതും നടപ്പായതും 2004 ജനുവരി 1 നാണ് എന്നും തന്മൂലമാണ് ഭൂരിഭാഗം പേരും ആ തീയതി മുതൽ അംശദായം അടച്ചിരിക്കുന്നത് എന്നും കമ്മിറ്റി അംഗം ശ്രീ ബാലഗോപാൽ പറഞ്ഞു.

<u>**തീരുമാനം:**</u>

പദ്ധതി നിലവിൽ വന്നതിനു ശേഷം അംഗത്വം നേടിയവരെ കൊണ്ട്, അംഗത്വം അനുവദിച്ച് ഉത്തരവാകുന്ന തീയതി മുതൽ അംശദായം അടപ്പിക്കുന്നതു ചട്ടവിരുദ്ധമാണ്. എന്നാൽ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുൻപ് സർവീസിൽ പ്രവേശിച്ച അംഗങ്ങൾ ജോലിയിൽ പ്രവേശിച്ച തീയതി മുതലുള്ള അംശദായം അടയ്ക്കണമെന്ന് പറയുന്നത് ഇപ്പോൾ അവർ ജോലിയിൽ നിന്ന് വിരമിച്ച് ഒരു വരുമാനവുമില്ലാത്ത സാഹചര്യത്തിൽ നീതിയുക്തമല്ല. അതിനാൽ "ഒരംഗം ജോലിയിൽ പ്രവേശിച്ച തീയതി മുതൽ അംശദായം അടയ്ക്കേണ്ടതാണ് " എന്ന ചട്ടം 9-ലെ വ്യവസ്ഥയിൽ ഇളവ് കൊണ്ടുവരാമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

**1.(A)** പദ്ധതി ചട്ടങ്ങൾ നിലവിൽ വന്ന 2000 ഫെബ്രുവരി 4-നോ അതിനു മുൻപോ സ്ഥിരം സർവീസിൽ പ്രവേശിച്ച അംഗങ്ങൾ അംഗത്വത്തിനായി എന്ന് അപേക്ഷ നൽകിയാലും അംഗത്വത്തിന് പ്രാബല്യം 2004 ജനുവരി 1 മുതൽ ആയിരിക്കും എന്നും, 2004 ജനുവരി മുതലുള്ള അംശദായം, ഓരോരോ കാലങ്ങളിലും നിലവിൽ ഉള്ള നിരക്ക് പ്രകാരം അടച്ചാൽ മതി എന്നുമുള്ള ഇളവ് ശുപാർശ ചെയ്യുന്നു.

1.(B) 2000 ഫെബ്രുവരി 4-നോ അതിനു മുമ്പോ സർവ്വീസിൽ പ്രവേശിച്ച് അംഗത്വം നേടി, അംശദായം പൂർണമായി അടയ്ക്കാത്തവരും ഈ യോഗതീരുമാനവുമായി ബന്ധപ്പെട്ടു പുറപ്പെടുവിക്കുന്ന ഉത്തരവ് തീയതിയിൽ അംഗത്വം ഉള്ളവരും ഇതുവരെ പെൻഷൻ അനുവദിച്ചു ഉത്തരവ് ലഭിക്കാത്തവരും ആയവർക്ക് സർക്കാർ/വകുപ്പ് ഡയറക്ടർ നിശ്ചയിക്കുന്ന തീയതിക്കകം 2004 ജനുവരി മുതൽ ഉള്ള കുടിശിക ഉണ്ടെങ്കിൽ പിഴപ്പലിശ കൂടാതെ ഒറ്റത്തവണയായി തുക അടയ്ക്കാൻ അവസരം നൽകാമെന്ന് ശുപാർശ ചെയ്യുന്നു.

1.(C) 2000 ഫെബ്രുവരി 4-നോ അതിനു മുമ്പോ സർവ്വീസിൽ പ്രവേശിച്ച് അംഗത്വം നേടി, അംശദായം പൂർണമായി അടയ്ക്കാത്തവരും ഇതിനകം പെൻഷൻ അനുവദിച്ചു ഉത്തരവ് ലഭിച്ചവരും/ അക്കൗണ്ടിൽ പെൻഷൻ ലഭിച്ചു തുടങ്ങിയവരും ആയവർക്ക് 2004 ജനുവരി മുതൽ കുടിശ്ശിക ഉണ്ടെങ്കിൽ പിഴപ്പലിശ കൂടാതെ ഒറ്റത്തവണയായി തുക അടയ്ക്കാൻ അവസരം നൽകാമെന്ന് ശുപാർശ ചെയ്യുന്നു.

1.(D) ചട്ടം 9-ലെ 'ജോലിയിൽ പ്രവേശിച്ച തീയതി' എന്നാൽ സ്ഥാപനത്തിലെ സ്ഥിരം സർവ്വീസിൽ എന്നു മുതൽ അർഹത ഉണ്ടെന്ന് രേഖപ്പെടുത്തിയ തീയതി ആയിരിക്കും. സ്ഥിരം സർവ്വീസ് അല്ലാതെ കരാർ നിയമനമോ മറ്റു വിധത്തിലുള്ള നിയമനമോ ആരംഭിച്ച തീയതി കണക്കാക്കേണ്ടതില്ല. ചട്ടം പ്രാബല്യത്തിൽ വന്നതിനു ശേഷം അംഗത്വം നേടി നിലവിൽ സർവീസിൽ ഉള്ളവരും ഇനി അംഗത്വം നേടുന്നവരും ഈ തീയതി മുതൽ അംശദായം അടയ്ക്കണം. ചട്ടം 3 (എഫ്)-ൽ പരാമർശിക്കുന്ന സ്ഥാപനത്തിൽ സ്ഥിരം സർവീസിൽ പ്രവേശിച്ച അംഗങ്ങളെയാണ് അംഗത്വത്തിന് പരിഗണിക്കുക. അംഗത്വത്തിനായി എന്ന് അപേക്ഷ നൽകിയാലും, അംഗത്വത്തിന് പരിഗണിക്കുന്ന സ്ഥാപനത്തിലെ സ്ഥിരം ജോലിയിൽ പ്രവേശിച്ച/അർഹത രേഖപ്പെടുത്തിയ തീയതി മുതലായിരിക്കും അംഗത്വത്തിന് പ്രാബല്യം. എന്ന് അംഗത്വം നേടിയാലും മേൽപ്രകാരം സ്ഥിരം ജോലിയിൽ പ്രവേശിച്ച മാസം മുതൽ ഉള്ള അംശദായം അടയ്ക്കണം. ഒരു തസ്തികയിൽ സ്ഥിരപ്പെട്ടാൽ മാത്രമേ അംഗത്വം നൽകൂ. അംഗത്വത്തിനു പ്രാബല്യമുള്ള തീയതി മുതൽ 10 വർഷത്തിൽ കൂടുതൽ കാലം സർവീസ് ഉള്ളവർ 10 വർഷം മാത്രം അംശദായം അടച്ചാൽ പോരാ. അംഗത്തിന് 58 വയസ് പൂർത്തിയാകുന്നത് വരെ അംശദായം അടച്ചിരിക്കണം. മേൽപ്രകാരം സ്ഥിരം ജോലിയിൽ പ്രവേശിച്ച മാസം മുതൽ ഉള്ള അംശദായം അതാതു കാലങ്ങളിൽ നിലവിലുള്ള നിരക്ക് പ്രകാരം അടയ്ക്കേണ്ടതാണ് എന്നും ശുപാർശ ചെയ്യുന്നു.

സ്ഥാപനത്തിലെ പെൻഷൻ പ്രായം 58 വയസിനു മുമ്പാണെങ്കിൽ പ്രസ്തുത പ്രായത്തിൽ വിരമിക്കുന്നവർ 58 വയസ് വരെ അംശദായം അടച്ചിരിക്കണം. സ്ഥാപനത്തിലെ പെൻഷൻ പ്രായം 58 വയസിനു ശേഷമാണെങ്കിൽ 58 വയസ് പൂർത്തിയാകുന്ന മാസം വരെ അംശദായം അടച്ചാൽ മതി. എന്നാൽ അവർക്ക് 60 വയസ് മുതൽ മാത്രമേ പെൻഷന് അർഹതയുള്ളൂ എന്നും ശുപാർശ ചെയ്യുന്നു.

1.(E) പദ്ധതി ചട്ടങ്ങൾ നിലവിൽ വന്ന 2000 ഫെബ്രുവരി 4 നു ശേഷം, ചട്ടം 3 (എഫ്)-ൽ പരാമർശിക്കുന്ന സ്ഥാപനത്തിൽ സ്ഥിരം സർവീസിൽ പ്രവേശിച്ച അംഗങ്ങളിൽ പൂർണമായി അംശദായം അടയ്ക്കാത്തവരും ഈ യോഗതീരുമാനവുമായി ബന്ധപ്പെട്ടു പുറപ്പെടുവിക്കുന്ന ഉത്തരവ് തീയതിയിൽ അംഗത്വം ഉള്ളവരും ഇതുവരെ പെൻഷൻ അനുവദിച്ചു ഉത്തരവ് ലഭിക്കാത്തവരും ആയ അംഗങ്ങൾക്കു മേൽപ്പറഞ്ഞ തസ്തികയിൽ സ്ഥിരം ജോലിയിൽ പ്രവേശിച്ച മാസം മുതൽ ഉള്ള കുടിശിക ഉണ്ടെങ്കിൽ സർക്കാർ/വകുപ്പ് ഡയറക്ടർ നിശ്ചയിക്കുന്ന തീയതിക്കകം പിഴപ്പലിശ കൂടാതെ ഒറ്റത്തവണയായി തുക അടയ്ക്കാൻ അവസരം നൽകാവുന്നതാണ് എന്ന് ശുപാർശ ചെയ്യുന്നു.

1.(F) പദ്ധതി ചട്ടങ്ങൾ നിലവിൽ വന്ന 2000 ഫെബ്രുവരി 4-നു ശേഷം, ചട്ടം 3 (എഫ്)-ൽ പരാമർശിക്കുന്ന സ്ഥാപനത്തിൽ സ്ഥിരം സർവീസിൽ പ്രവേശിച്ച അംഗങ്ങളിൽ അംശദായം പൂർണമായി അടയ്ക്കാത്തവരും ഇതിനകം പെൻഷൻ അനുവദിച്ചു ഉത്തരവ് ലഭിച്ചവരും/അക്കൗണ്ടിൽ പെൻഷൻ ലഭിച്ചു തുടങ്ങിയവരും ആയ അംഗങ്ങൾക്കു മേൽപ്പറഞ്ഞ തസ്തികയിൽ സ്ഥിരം ജോലിയിൽ പ്രവേശിച്ച മാസം മുതൽ ഉള്ള കുടിശിക ഉണ്ടെങ്കിൽ സർക്കാർ/വകുപ്പ് ഡയറക്ടർ നിശ്ചയിക്കുന്ന തീയതിക്കകം പിഴപ്പലിശ കൂടാതെ ഒറ്റത്തവണയായി തുക അടയ്ക്കാൻ അവസരം നൽകാവുന്നതാണ് എന്ന് ശുപാർശ ചെയ്യുന്നു.

1.(G) ഇതുമായി ബന്ധപ്പെട്ട് ഇറക്കുന്ന ഉത്തരവ് തീയതിയിൽ അംഗത്വം ഉള്ളവരും പുതുതായി അംഗത്വം നേടുന്നവരും ഉത്തരവ് തീയതി മുതൽ അതതു മാസം അംശദായം അടച്ചില്ലെങ്കിൽ, തുക അടയ്ക്കുന്നതു വരെയുള്ള കാലയളവിലേക്ക് ഓരോ മാസത്തിനും അംശാദായത്തിന്റെ 10% തുക പിഴപ്പലിശ കൂടി നൽകണം എന്നും നിഷ്കർഷിക്കാവുന്നതാണ്. അടയ്ക്കാതിരുന്ന മാസത്തെ പിഴപ്പലിശ ഒറ്റത്തവണ ഈടാക്കിയാൽ മതി; ഓരോ മാസവും കൂട്ടിച്ചേർത്ത് ഈടാക്കേണ്ടതില്ല (കൂട്ടുപലിശ വേണ്ട). എന്നാൽ തുടർച്ചയായി 6 മാസത്തിൽ അധികം കാലം അംശദായം അടയ്ക്കാതിരിക്കുകയോ ഒരു വർഷത്തിൽ കുറയാത്ത കാലത്തേക്ക് ജോലിയിൽ ഏർപ്പെടാതിരിക്കുകയോ

ചെയ്താൽ അംഗത്വം ചട്ടപ്രകാരം സ്വമേധയാ റദ്ദാകും എന്നതിനാൽ അംഗത്വം പുനഃസ്ഥാപിക്കുന്ന സാഹചര്യത്തിൽ മാത്രമേ തുടർന്ന് അംശദായം അടയ്ക്കാൻ സാധിക്കൂ എന്നും ചട്ടം 7 (2), (3) എന്നിവ പ്രകാരം ഭരണസമിതിക്കോ സ.ഉ.(സാധാ) നം 73/2021/ഐ & പി ആർ, തീയതി 4-5-2021 പ്രകാരം വകുപ്പ് ഡയറക്ടർക്കോ അംഗത്വം പുനഃസ്ഥാപിച്ചു നൽകാവുന്നതാണ് എന്നും നിഷ്കർഷിക്കാവുന്നതാണ്.

1.(H) നിലവിൽ സർവ്വീസിലുള്ളവർ (അംഗത്വമുള്ളവർ) 1(E), 1(F) പ്രകാരമുള്ള കുടിശ്ശിക നിശ്ചിത തീയതിക്കകം അടച്ചില്ലെങ്കിൽ പ്രസ്തുത തീയതിക്കു ശേഷം അംഗത്വം റദ്ദാകും; റദ്ദായാൽ പുന:സ്ഥാപിക്കാനുള്ള നടപടിക്രമം പാലിക്കണം എന്നും നിഷ്കർഷിക്കാവുന്നതാണ്.

**<u>2) അംഗത്വം, കുടുംബപെൻഷൻ, അംഗത്വപുനഃസ്ഥാപനം, സ്ഥാപനം മാറ്റം, ഡ്യൂപ്ലിക്കേറ്റ് പാസ് ബുക്ക് എന്നീ വിഷയങ്ങളിൽ ഏർപ്പെടുത്താവുന്ന വ്യവസ്ഥകൾ സംബന്ധിച്ച്</u>**

അംഗത്വം ലഭിക്കാനുള്ള പ്രാഥമിക വ്യവസ്ഥകൾ ചട്ടത്തിലും കൂടുതൽ വ്യവസ്ഥകൾ വകുപ്പ് ഡയറക്ടറുടെ 6-12-17ലെ സർക്കുലറിലും ഏർപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ കാലാനുസൃതമായ മാറ്റം ആവശ്യമാണ്. കുടുംബപെൻഷൻ, അംഗത്വ പുനഃസ്ഥാപനം, സ്ഥാപനം മാറ്റം, ഡ്യൂപ്ലിക്കേറ്റ് പാസ് ബുക്ക് എന്നിവ സംബന്ധിച്ചും വ്യക്തമായ ഒരു വ്യവസ്ഥ കൊണ്ടുവരേണ്ടത് ആവശ്യമാണ് എന്ന് യോഗം വിലയിരുത്തി.

**<u>തീരുമാനം:</u>**

അംഗത്വം ലഭിക്കാനും കുടുംബപെൻഷൻ അനുവദിക്കാനും അംഗത്വം പുനഃസ്ഥാപിക്കാനും സ്ഥാപനം മാറിയാൽ അംഗത്വം തുടരാനും പാസ് ബുക്ക് നഷ്ടപ്പെട്ടു പോയാൽ ഡ്യൂപ്ലിക്കേറ്റ് ലഭിക്കാനും സമർപ്പിക്കേണ്ട രേഖകൾ, പരിശോധനയ്ക്കും മറ്റുമായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്നിവ സംബന്ധിച്ച് ഏർപ്പെടുത്താവുന്ന **അനുബന്ധം 1**-ലെ കരട് വ്യവസ്ഥകൾ അംഗീകരിക്കാമെന്ന് ശുപാർശ ചെയ്യുന്നു.

**<u>3) അംഗത്വം അനുവദിക്കുമ്പോൾ 'അംഗത്വ രേഖ' നൽകുന്നതു സംബന്ധിച്ച്</u>**

പത്രപ്രവർത്തക-പത്രപ്രവർത്തകേതര പെൻഷൻ പദ്ധതികൾ പ്രകാരം മുൻകാലങ്ങളിൽ പെൻഷൻ/ഫാമിലി പെൻഷൻ വേണ്ടി അപേക്ഷ നൽകിയ ചിലരുടെ അംഗത്വം സംബന്ധിച്ച് അവ്യക്തത ഉള്ളത് മൂലമോ അംശദായം എന്ന് മുതൽ അടയ്ക്കണം എന്നതിൽ വ്യക്തമായ തീരുമാനം/മാർഗ്ഗനിർദ്ദേശം ഇല്ലാത്തതിനാലോ നോമിനി ആര് എന്ന് വ്യക്തത ഇല്ലാത്തതിനാലോ തുടർ നടപടികൾക്കു സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് യോഗം വിലയിരുത്തി.

**<u>തീരുമാനം:</u>**

അംഗത്വം അനുവദിക്കുമ്പോൾ, സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്നതിനും വിവരങ്ങളിൽ വ്യക്തത വരുത്തുന്നതിനും ഒരു 'അംഗത്വരേഖ' ഏർപ്പെടുത്താമെന്ന് ശുപാർശ ചെയ്യുന്നു. **അനുബന്ധം** 2-ൽ ഇതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇത് ഡിജിറ്റലായി സോഫ്റ്റ്വെയറിലും ഉൾപ്പെടുത്താവുന്നതാണ്. പ്രാഥമികമായി ആവശ്യമായ രേഖകൾ ജില്ലകളിൽ നിന്ന് തന്നെ സോഫ്റ്റ്വെയറിൽ ചേർ ക്കേണ്ടതാണ്. നിലവിലുള്ള അംഗങ്ങൾക്കും ഇത്തരം ഒരു രേഖ ആവശ്യമെങ്കിൽ നൽകാവുന്നതാണ് എന്നും ശുപാർശ ചെയ്യുന്നു.

4) അംഗമായിരിക്കെ ഒരാൾ മരണപ്പെട്ടാൽ

അംഗമായിരിക്കെ ഒരാൾ മരണപ്പെട്ടാൽ കുടുംബ പെൻഷൻ നൽകുന്ന വിഷയത്തിൽ ചട്ടത്തിൽ വ്യക്തത ഇല്ല. ഇത് സംബന്ധിച്ച് വ്യവസ്ഥ കൊണ്ടുവരാവുന്നതാണ്.

തീരുമാനം:

അംഗമായിരിക്കെ (വിരമിക്കും മുൻപോ, വിരമിച്ച ശേഷം പെൻഷൻ അപേക്ഷ സമർപ്പിക്കും മുൻപോ) ഒരാൾ മരണപ്പെട്ടാൽ കുടുംബ പെൻഷന് ആവശ്യമായ രേഖകൾ കൂടാതെ സാധാരണഗതിയിൽ പെൻഷൻ അനുവദിക്കാൻ ഒരു അംഗം സമർപ്പിക്കേണ്ട രേഖകളിൽ, ചട്ടത്തിന്റെ അനുബന്ധം 2 ഒഴികെ മറ്റു രേഖകൾ കൂടി അവകാശി സമർപ്പിക്കേണ്ടതുണ്ട് എന്ന് ശുപാർശ ചെയ്യുന്നു.

പെൻഷന് അർഹമായ കുറഞ്ഞ സർവ്വീസ് കാലം പൂർത്തിയായവരെ (5 വർഷം - പരമാവധി 50% പെൻഷന്, 10 വർ ഷം -പെൻഷന്) മാത്രമേ പരിഗണിക്കേണ്ടതുള്ളോ, അതോ എത്ര വർഷം സർവീസ് ഉണ്ടായിരുന്നു എന്നതു പരിഗണിക്കാതെ കുടുംബ പെൻഷൻ അനുവദിക്കാമോ എന്നത് സംബന്ധിച്ച് ചർച്ച ചെയ്തു. താഴെ പറയുന്ന കാര്യങ്ങൾ മാനേജിംഗ് കമ്മിറ്റിക്ക്/ സർക്കാരിന്ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

a) 5 വർഷത്തിന് താഴെ സർവ്വീസ് ഉള്ളവരുടെ (അത്രയും കാലം മാത്രം അംശദായം അടച്ചാൽ) നോമിനിക്ക് /കുടുംബത്തിന്, അംശദായം അടച്ച തുക പലിശ രഹിതമായി തിരിച്ച് കൊടുക്കാം. അവരെ കുടുംബപെൻഷനു പരിഗണിക്കേണ്ട.
b) 5 മുതൽ 10 വർഷത്തിൽ താഴെയുള്ള ഓരോ കേസും അതിന്റെ അർഹത പരിശോധിച്ച് നിശ്ചയിക്കുന്ന തുക കുടുംബപെൻഷൻ നൽകാം.
c) പത്തോ അതിൽ കൂടുതലോ വര്ഷം സർവ്വീസ് ഉള്ളവരുടെ നോമിനിക്ക് /കുടുംബത്തിന് അർഹമായ കുടുംബപെൻഷൻ അനുവദിക്കാം.

ഫാമിലി പെൻഷൻ അനുവദിക്കാൻ വേണ്ട മറ്റു രേഖകൾ **അനുബന്ധം 1(2)**-ൽ പ്രതിപാദിച്ചിട്ടുണ്ട്.

5) സ്ഥാപനം പൂട്ടിപ്പോകുന്നതിനാലോ, സാമ്പത്തിക പ്രതിസന്ധിയോ സ്ഥാപനത്തിന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും കാരണത്താലോ പിരിഞ്ഞു പോകേണ്ടി വരുന്ന ജീവനക്കാരുടെ വിഷയം

സാമ്പത്തിക പ്രതിസന്ധി കാരണം 'ദ ഹിന്ദു' ദിനപത്രത്തിലെ ജീവനക്കാർക്ക് ഒരു പ്രത്യേക വിരമിക്കൽ പദ്ധതി (Special Retirement Scheme) മാനേജ്മെന്റ് പ്രഖ്യാപിക്കുകയും അപ്രകാരം വിരമിച്ച ആളുകൾക്ക് 6 മാസത്തിനകം മറ്റൊരു മാധ്യമ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ച രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് അംശദായം തുടർന്ന് അടയ്ക്കുന്നതിനുള്ള അനുമതി നൽകാവുന്നതും, ഈ പദ്ധതിയിൽ തുടരുന്നവർക്ക് വിരമിക്കുന്ന മുറയ്ക്ക് പെൻഷൻ അനുവദിക്കാവുന്നതുമാണെന്ന ശുപാർശ മാനേജിങ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ മുൻ ഉപസമിതി ശുപാർശയുണ്ട്.

'തേജസ്" പത്രസ്ഥാപനം അടച്ചു പൂട്ടിയതിനെത്തുടർന്ന്, പെൻഷൻ പദ്ധതിയിൽ അംഗത്വം നേടി അംശദായം അടച്ചു വന്നിരുന്ന 4 8 ജീവനക്കാർ പത്രപ്രവർത്തകേതര പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇവർ ക്ക് 6 മാസത്തിനകം മറ്റൊരു മാധ്യമസ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ച് എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് അംശദായം തുടർന്ന് അടയ്ക്കുന്നതിനുള്ള അനുമതി നൽകാവുന്നതും, ഈ പദ്ധതിയിൽ തുടരുന്നവർക്ക് വിരമിക്കുന്ന മുറയ്ക്ക് പെൻഷൻ അനുവദിക്കാവുന്നതാണെന്ന്

ഉപസമിതി ശുപാർശയുമുണ്ട്.

പ്രസ്തുത ഉപസമിതി ശുപാർശകൾ അംഗീകരിക്കുന്ന സാഹചര്യത്തിൽ എല്ലാ മാധ്യമ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് ഈ വ്യവസ്ഥ ബാധകമാക്കുന്നതും അംശദായം തുടർന്ന് അടയ്ക്കാൻ പുതിയ വ്യവസ്ഥകൾ കൊണ്ടുവരുന്നതും യോഗം ചർച്ച ചെയ്തു..

വളരെ പ്രായം ചെന്നവർക്ക് മറ്റൊരു പത്രസ്ഥാപനത്തിൽ സ്ഥിരം ജോലിയിൽ പ്രവേശിക്കുന്നത്, പ്രത്യേകിച്ച് ഇപ്പോഴത്തെ (കോവിഡ്) സാഹചര്യത്തിൽ ബുദ്ധിമുട്ടാണ്. മറ്റു മാധ്യമസ്ഥാപനങ്ങളും പെൻഷൻ പ്രായത്തിനു മുൻപേ വിരമിക്കാൻ നിർബന്ധിക്കുന്ന പദ്ധതി ഏർപ്പെടുത്തിയാൽ പദ്ധതി അംഗങ്ങളായ ഒട്ടേറെ പേരെ അത് ബാധിക്കും എന്നതും കണക്കിലെടുത്തു.

<u>**തീരുമാനം:**</u>

**5.(A)** സ്ഥാപനം സ്ഥിരമായി അടച്ചുപൂട്ടിപ്പോകുന്നതിനാലോ, സാമ്പത്തിക പ്രതിസന്ധി/സ്ഥാപനത്തിന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും കാരണത്താലോ പിരിച്ചുവിടപ്പെടുന്ന/നിർബന്ധിതമായി വിരമിക്കേണ്ടി വരുന്ന/സ്വമേധയാ വിരമിക്കേണ്ടി വരുന്ന ജീവനക്കാർക്ക്, പിരിഞ്ഞ തീയതി മുതൽ 6 മാസത്തിനകം ചട്ടം 3(എഫ്) പ്രകാരമുള്ള മറ്റൊരു മാധ്യമ സ്ഥാപനത്തിൽ സ്ഥിരം ജോലിയിൽ ചേരണം എന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

സ്ഥിരം ജോലിയിൽ പ്രവേശിച്ച നിശ്ചിത രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് അംശദായം (കുടിശിക ഉണ്ടെങ്കിൽ അത് സഹിതം) തുടർന്ന് അടയ്ക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണ്. എന്നാൽ5 5 വയസ് കഴിഞ്ഞവർക്ക് സ്ഥിരം ജോലി ലഭിച്ചില്ലെങ്കിലും അംശദായം (കുടിശിക ഉണ്ടെങ്കിൽ അത് സഹിതം) തുടർന്ന് അടയ്ക്കുന്നതിന് അനുമതി നൽകി അർഹത അനുസരിച്ച് 100% അല്ലെങ്കിൽ 50% അല്ലെങ്കിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ അനുവദിക്കാവുന്നതാണ് എന്ന് ശുപാർശ ചെയ്യുന്നു. അർഹത നിശ്ചയിക്കാൻ താഴെ **5.(D)** യിൽ പറയുന്ന നിബന്ധന കൂടി പരിഗണിക്കാവുന്നതാണ്.

**5.(B)** ഇത് സംബന്ധിച്ച മറ്റു വ്യവസ്ഥകൾ **അനുബന്ധം (1)ൽ** നാലാമത്തെ ഇനമായി ചേർത്തിരിക്കുന്നു.

**5.(C)** ഇപ്രകാരം 58 വയസ് വരെ പദ്ധതിയിൽ തുടരുന്നവർക്ക് സർക്കാർ നിശ്ചയിക്കുന്ന പെൻഷൻ പ്രായം എത്തുന്ന മുറയ്ക്ക് മാത്രമേ, അഥവാ പുതിയ സ്ഥാപനത്തിൽ നിന്ന് 58 വയസ്സിനു ശേഷം, സ്ഥാപനത്തിലെ പെൻഷൻ പ്രായം അനുസരിച്ച് വിരമിക്കുന്ന മുറയ്ക്ക് മാത്രമേ, പെൻഷൻ അനുവദിക്കാവൂ എന്ന വ്യവസ്ഥ ശുപാർശ ചെയ്യുന്നു. എന്നാൽ തുടർന്ന് ജോലി ചെയ്യാനാകാത്ത വിധം രോഗം ബാധിച്ച് മെഡിക്കൽ ഗ്രൗണ്ടിൽ വിരമിക്കുന്നവർക്ക് അംശദായം അടച്ച കാലം പരിഗണിച്ച് 58 വയസിന് മുമ്പ് പരമാവധി 50% വരെ പെൻഷൻ നൽകാവുന്നതാണ്.

**5.(D)** പെൻഷൻ പദ്ധതിയിൽ അംഗത്വം എടുക്കുകയും അഞ്ചോ/പത്തോ, അതിലധികമോ വർഷം ചട്ടപ്രകാരമുള്ള പത്രപ്രവർത്തകേതര ജീവനക്കാരനായി അംശദായം അടയ്ക്കുകയും ചെയ്ത വ്യക്തികൾ; ഒരു സ്ഥാപനത്തിൽ നിന്ന് ജോലി രഹിതരായി പുറത്തു പോകുകയും മറ്റൊരു മാധ്യമസ്ഥാപനത്തിൽ ജോലി നേടി അതിന്റെ രേഖകൾ സമർപ്പിക്കുകയോ അല്ലെങ്കിൽ നിലവിൽ അവർ മാധ്യമ മേഖലയിലാണ് ജോലി ചെയ്ത് വരുന്നത് എന്ന് തെളിയിക്കുകയോ ചെയ്താൽ, (ഇങ്ങനെയുള്ളവർ തുടർന്ന് മാധ്യമസ്ഥാപനങ്ങളിൽ/ മാധ്യമസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പത്രപ്രവർത്തകേതര ജോലി നടത്തുകയാണെന്ന് വകുപ്പ് ഡയറക്ടറുടെ അന്വേഷണത്തിൽ ബോധ്യപ്പെടണം) വേജ് ബോർഡ് ശുപാർശ ഉള്ള സ്ഥാപനം എന്ന വ്യവസ്ഥ ഇല്ലാതെ തന്നെ തുടർന്ന് നിശ്ചിത പ്രായം (58 വയസ്സ്) വരെ അംശദായം അടയ്ക്കാൻ അവർക്ക് അനുമതി നൽകാവുന്നതാണെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

എല്ലാ വർഷവും ഇവർ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് സമർപ്പിക്കണം. സ്ഥാപനത്തിൽ നിന്ന് തൊഴിൽ സർട്ടിഫിക്കറ്റ് ലഭിക്കാത്ത അപൂർവ സാഹചര്യത്തിൽ ചട്ടത്തിൽ അനുശാസിക്കുന്ന പ്രകാരം സംഘടന നൽകുന്ന സർട്ടിഫിക്കറ്റ് പരിഗണിക്കാം. 6 മാസത്തിനകം ഇവർ പുതിയ സ്ഥാപനത്തിൽ ചേരുകയാണെങ്കിൽ, നിയമന ഉത്തരവ്, എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് എന്നിവയുടെ

അടിസ്ഥാനത്തിൽ അംശദായം തുടർന്ന് അടയ്ക്കാൻ അനുവദിക്കാം. 6 മാസത്തിൽ കൂടുതൽ ആയാൽ അംഗത്വം റദ്ദാവുമെന്നതിനാൽ അത് പുതുക്കാനുള്ള വ്യവസ്ഥകൾ പാലിക്കണം.

അഞ്ചു വർഷം ചട്ടപ്രകാരം അംശദായം അടച്ച ശേഷം തുടർന്ന് മേൽപ്രകാരം ഇളവുകളോടെ അംശദായം അടയ്ക്കാൻ അനുവദിക്കുന്ന സാഹചര്യത്തിൽ അവരെ പെൻഷൻ പ്രായം ആകുന്ന മുറയ്ക്ക് പരമാവധി 5 0 % പെൻഷനു വേണ്ടിയും, 10 വർഷം ചട്ടപ്രകാരം അംശദായം അടച്ച ശേഷം തുടർന്ന് മേൽപ്രകാരം ഇളവുകളോടെ അംശദായം അടയ്ക്കാൻ അനുവദിക്കുന്ന സാഹചര്യത്തിൽ അവരെ പെൻഷൻ പ്രായം ആകുന്ന മുറയ്ക്ക് നിശ്ചിത പെൻഷനു വേണ്ടിയും പരിഗണിക്കാൻ ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

5.(E) പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംഗത്വം നേടി, 10 വർഷമോ അതിൽ കൂടുതലോ കാലം അംശദായം അടയ്ക്കുകയും തുടർന്ന് ജോലി നഷ്ടപ്പെട്ടു പോകുകയും/അല്ലെങ്കിൽ സ്ഥാപനം പൂട്ടിപ്പോകുകയും അവർ മാധ്യമം അല്ലാത്ത മറ്റൊരു മേഖലയിൽ ജോലി ചെയ്യുകയും ചെയ്യുകയാണെങ്കിൽ 1 0 വർഷത്തെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ 58 വയസാകുന്ന മുറയ്ക്ക് ഒരു നിശ്ചിത ശതമാനത്തിൽ അധികരിക്കാത്ത തുക പെൻഷൻ അനുവദിച്ചു നല്കുകയോ അടച്ച പണം 58 വയസ്സിനു മുൻപ് ചട്ടപ്രകാരം തിരിച്ചു നൽകുകയോ ചെയ്യാമോ എന്ന വിഷയത്തിൽ വിശദമായ പഠനം നടത്തി, ചട്ടം പരിഷ്കരണ സമിതി മുൻപാകെ റിപ്പോർട്ട് സമർപ്പിക്കുവാൻ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്താൻ ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

പെൻഷൻ പദ്ധതിയിൽ അംഗത്വം ലഭിച്ച ചിലർകുറച്ചു വർഷം മാധ്യമ സ്ഥാപനത്തിൽ ജോലി ചെയ്യുകയും അംശദായം അടയ്ക്കുകയും ചെയ്തതിന് ശേഷം മറ്റ് മേഖലകളിൽ തൊഴിൽ ചെയ്യുന്നു. അതിന് ശേഷം പെൻഷൻ ലഭിക്കുന്നതിനു വേണ്ടി ബാക്കിയുള്ള വർഷങ്ങളിലെ അംശദായത്തുക പിഴപ്പലിശ സഹിതം അടയ്ക്കാൻ തയ്യാറായാൽ ഇവർക്ക് പെൻഷൻ അനുവദിക്കാമോ എന്ന് കമ്മിറ്റിയംഗം ശ്രീ വി. ബാലഗോപാൻ ആരായുകയുണ്ടായി. ഇത് ഈ പദ്ധതിയുടെ ഉദ്ദേശ്യശുദ്ധിയെത്തന്നെ ചോദ്യം ചെയ്യലാണെന്നും ആയതിനാൽ ഇക്കാര്യം പരിഗണിക്കുന്നത് ഉചിതമല്ലെന്നും ധനകാര്യവകുപ്പ് പ്രതിനിധി അഭിപ്രായപ്പെട്ടതു യോഗം അംഗീകരിച്ചു.

6) പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച്

2020 ഫെബ്രുവരിയിൽ കൂടിയ ഉപസമിതിക്ക് ശേഷം പെൻഷൻ മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി ശുപാർശ ചെയ്യപ്പെട്ട അപേക്ഷകൾ സംബന്ധിച്ച വിശദവിവരം (തീരുമാനം/ശുപാർശ) **അനുബന്ധം** 3 ആയി ചേർത്തിരിക്കുന്നു.

7) അംഗത്വം അനുവദിക്കുന്നത് സംബന്ധിച്ച്

2020 ഫെബ്രുവരിയിൽ കൂടിയ ഉപസമിതിക്ക് ശേഷം പെൻഷൻ മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി ശുപാർശ ചെയ്യപ്പെട്ട അപേക്ഷകൾ സംബന്ധിച്ച വിശദവിവരം (തീരുമാനം/ശുപാർശ) **അനുബന്ധം** 4 ആയി ചേർത്തിരിക്കുന്നു.

8) പെൻഷൻ കുടിശിക അനുവദിക്കുന്നത് സംബന്ധിച്ച്

'മലയാള മനോരമ' പത്രസ്ഥാപനത്തിൽ നിന്നു 2009ൽ വിരമിച്ച ശ്രീ ജി രാജുവിന് പെൻഷൻ കുടിശിക അനുവദിക്കുന്ന വിഷയത്തിനു പൊതുസ്വഭാവം ഉണ്ടെന്നതിനാൽ വിശദമായി ചർച്ച ചെയ്തു.

പത്രപ്രവർത്തകേതര പെൻഷൻ അനുവദിക്കുന്നതിനായി ശ്രീ ജി. രാജു സമർപ്പിച്ച അപേക്ഷ

16.06.2015-ൽ കൂടിയ പെൻഷൻ കമ്മിറ്റി യോഗത്തിൽ സമർപ്പിക്കുകയും അപേക്ഷയിൽ അപാകത കണ്ടെത്തിയതിനെത്തുടർ ന്ന് 25.02.2016-ലെ സ.ഉ.(സാധാ) നം. 95/2016/ഐ&പി.ആർ പ്രകാരം അപാകതാ ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവാകുകയുമുണ്ടായി. കൊല്ലം മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക അടച്ച് അപാകത പരിഹരിക്കുകയും തുടർന്ന് 24.09.2019-ലെ എച്ച്2/50/2019/ഐ&പി.ആർ പ്രകാരം തുക അടച്ചതിന്റെ അടുത്ത മാസമായ 2 0 1 9 ജൂലൈ മുതൽ പത്രപ്രവർത്തകേതര പെൻഷൻ അനുവദിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു.

ശ്രീ. രാജു 22.01.2010-ൽ ഒറ്റത്തവണയായി 7200/- രൂപ അടച്ചിരുന്നു. 2012-ൽ പെൻഷന് അപേക്ഷ സമർപ്പിച്ചു. അപേക്ഷ പരിഗണിച്ചത് 15.05.2018-ൽ കൂടിയ പെൻഷൻ കമ്മിറ്റി യോഗത്തിലാണ്. 2012 മുതൽ പെൻഷൻ അനുവദിക്കണമെന്നാണ് ടിയാന്റെ ആവശ്യം.

<u>**തീരുമാനം:**</u>

ചട്ടപ്രകാരമുള്ള സാധാരണ അംഗത്വം നേടാതെ പിൽക്കാലത്ത് ഒറ്റത്തവണയായി കുടിശിക അടച്ച് അംഗത്വം നേടി പെൻഷൻ അനുവദിക്കുന്നവർക്ക് കമ്മിറ്റി അത് സംബന്ധിച്ച തീരുമാനം എടുക്കുന്ന മാസം മുതൽ ഉള്ള പെൻഷൻ നൽകിയാൽ മതി എന്ന് എന്ന് ശുപാർശ ചെയ്യുന്നു.

ശ്രീ ജി രാജുവിന്റെ അപേക്ഷയിൽ കുടിശ്ശിക നൽകേണ്ടതില്ലെന്നും നിലവിലെ സ്ഥിതി തുടർന്നാൽ മതിയെന്നും തീരുമാനിച്ചു.

**9) കൺഫർമേഷൻ ലഭിച്ച് 6 മാസത്തിനകം അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാതെ വന്നവരുടെ അപേക്ഷ**

11.02.2021-ലെ മാനേജിംഗ് കമ്മിറ്റി യോഗം, ചട്ടം 6-ലെ "പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർ പ്രത്യേക തസ്തികയിൽ കൺഫർമേഷൻ കിട്ടി ആറു മാസത്തിനകം അപേക്ഷിച്ചിരിക്കണം" എന്ന വ്യവസ്ഥ ഒഴിവാക്കാൻ അജണ്ട.1 പ്രകാരം ശുപാർശ ചെയ്തു. 15-05-2018ൽ കൂടിയ പത്രപ്രവർത്തകേതര പെൻഷൻ കമ്മിറ്റി യോഗത്തിൽ അജണ്ട 17 പ്രകാരം പരിഗണിച്ചതും പദ്ധതിയിൽ അംഗത്വം അനുവദിക്കുന്നതിനായി സമർപ്പിച്ച 360 അപേക്ഷകളിൽ നിലവിൽ പരിഗണനയിൽ ഉള്ളവരുമായ 319 പേരിൽ അർഹരായവർക്ക് അപേക്ഷ നൽകിയതിൽ വന്ന കാലതാമസം മാപ്പാക്കി പെൻഷൻ അംഗത്വം അനുവദിക്കാവുന്നതാണ് എന്നും ശുപാർശ ചെയ്തു. 4-5-2021-ലെ സ.ഉ.(സാ.ധാ) നം73/2021/ഐ&പി.ആർ. പ്രകാരം പ്രസ്തുത ശുപാർശകൾ അംഗീകരിച്ച് ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത തീരുമാനത്തിന് ഉത്തരവ് തീയതി മുതൽക്കാണ് പ്രാബല്യം . അതായത്, 15-5-2018നു ശേഷം 3-5-2021 വരെ അപേക്ഷിച്ചവരുടെ അപേക്ഷയിൽ തീരുമാനമായിട്ടില്ല. അപ്രകാരമുള്ള അപേക്ഷ സംബന്ധിച്ച് ചർച്ച ചെയ്തു.

<u>**തീരുമാനം:**</u>

പുതിയ അപേക്ഷ തരുന്ന സാഹചര്യത്തിൽ ജില്ലാ/ മേഖലാ ഓഫീസിൽ സ്വീകരിക്കാവുന്നതാണ്. പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് വ്യക്തികൾ/ സ്ഥാപനങ്ങൾ/ സംഘടനകൾ നൽകുന്ന ഒരു അപേക്ഷയും സ്വീകരിക്കാതിരിക്കരുത് എന്ന് ശുപാർശ നൽകാൻ തീരുമാനിച്ചു. അപേക്ഷ സ്വീകരിച്ച് രജിസ്റ്റർ ചെയ്ത് പരിശോധനയ്ക്ക് ശേഷം തുടർനടപടി സ്വീകരിക്കണം. അർഹത ഇല്ലെന്ന് പ്രഥമദൃഷ്ട്യാ കണ്ടെത്തുകയോ, ന്യൂനതകൾ ഉണ്ടെങ്കിലോ അക്കാര്യം സൂചിപ്പിച്ചു കൊണ്ട് അപേക്ഷകന് ജില്ലാ/ മേഖലാ ഓഫീസിൽ നിന്ന് തന്നെ കത്ത് നൽകണം. ജില്ലാ ഇൻഫർമേഷൻ ഓഫീസർ അപേക്ഷ നിരസിച്ചാൽ അത് സംബന്ധിച്ച് അപേക്ഷകന് ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്. മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരാണ്

അപേക്ഷ നിരസിക്കുന്നതെങ്കിൽ അപേക്ഷകന് വകുപ്പ് ഡയറക്ടർക്ക് അപ്പീൽ നൽകാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്യാവുന്നതാണ് .

"പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർ പ്രത്യേക തസ്തികയിൽ കൺഫർമേഷൻ കിട്ടി ആറു മാസത്തിനകം അപേക്ഷിച്ചിരിക്കണം" എന്ന ചട്ടത്തിലെ വ്യവസ്ഥ ഒഴിവാക്കിയ സാഹചര്യത്തിൽ, 4-5-2021 ന മുൻപ് അപേക്ഷ നൽകിയവരും ഉത്തരവിൽ പരാമർശിക്കാത്തവരുമായ മറ്റുള്ളവരുടെ വിഷയത്തിൽ തീരുമാനമാകാത്തത് പ്രസ്തുത വ്യവസ്ഥ കാരണം മാത്രമാണോ എന്നും പരിശോധിക്കണം. ചട്ടം, 2021 മെയ് 4 ലെ സ.ഉ (സാധാ) നം. 73/2021/ഐ & പി ആർ ഉത്തരവ്, ഈ യോഗതീരുമാനം പ്രകാരം ഏർപ്പെടുത്തുന്ന പ്രസക്ത വ്യവസ്ഥകൾ, മറ്റ വ്യവസ്ഥകൾ എന്നിവ പ്രകാരം ഇവർക്ക് അർഹത ഉണ്ടോ എന്ന് പരിശോധിച്ച്, പൂർണമായ രേഖകളും മേഖലാ ഡെപ്യൂട്ടി ഡയറക്ടർ /ജില്ലാ ഇൻഫർമേഷൻ ഓഫീസറുടെ വ്യക്തമായ ശുപാർശയും സഹിതം മാത്രമേ അവ ഡയറക്ടറേറ്റിലേക്ക് അയയ്ക്കാവൂ എന്ന് നിഷ്കർഷിക്കാവുന്നതാണ്. ഇതിനകം വിരമിച്ചവർക്ക് ഈ ആനുകൂല്യം നൽകേണ്ടതില്ല.

<u>10) 50% പെൻഷൻ ഫുൾ പെൻഷൻ ആക്കി നൽകണമെന്ന അപേക്ഷ</u>

| | | |
|---|---|---|
| 1. | ശ്രീ രഘു കെ<br><br>ശങ്കർമഹൽ<br>മക്കട.പി.ഒ,കോഴിക്കോട് | 'മാതൃഭൂമി' ദിനപത്രത്തിലെ അഡ്വർടൈസ്മെന്റ് എക്സിക്യൂട്ടീവ് തസ്തികയിൽ നിന്ന് ആരോഗ്യപരമായ കാരണങ്ങളാൽ സ്വയം വിരമിച്ച ശ്രീ കെ. രഘുവിന് 50% പത്രപ്രവർത്തകേതരപെൻഷൻ അനുവദിച്ച് 03.06.2019ലെ എച്ച്2/122/2019/ഐ&പി.ആർ പ്രകാരം ഉത്തരവായിരുന്നു. 4-2-2000ലെ സ.ഉ.(പി)2/2000/പി.ആറിലെ ചട്ടം 4(2) പ്രകാരമാണ് 50% പെൻഷൻ അനുവദിച്ചത്. ഫുൾ പെൻഷൻ ആക്കണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല.<br><br><u>തീരുമാനം:</u><br><br>ചട്ടപ്രകാരം അർഹതയില്ലാത്തതിനാൽ നിരസിക്കാൻ തീരുമാനിച്ചു. |

| | | |
|---|---|---|
| 2. | ശ്രീ മധുസൂദനൻനായർ പി<br>പ്ലാന്തോട്ടം, പച്ച<br>പാലുവള്ളിപി.ഒ<br>തിരുവനന്തപുരം | 'ന്യൂ ഇന്ത്യൻ എക്സ്പ്രസ്" ദിനപത്രത്തിലെ അറ്റന്റർ തസ്തികയിൽ നിന്ന് ആരോഗ്യപരമായ കാരണങ്ങളാൽ സ്വയം വിരമിച്ച ശ്രീ പി. മധുസൂദനൻ നായർക്ക് 5 0 % പത്രപ്രവർത്തകേതരപെൻഷൻ അനുവദിച്ച് 30.05.2019ലെ എച്ച്2/37/2018/ഐ&പി.ആർ പ്രകാരം ഉത്തരവായിരുന്നു. 04.02.200-ലെ സ.ഉ.(പി)2/2000/പി.ആറിലെ ചട്ടം 4(2) പ്രകാരമാണ് 5 0 % പെൻഷൻ അനുവദിച്ചത്. ഫുൾ പെൻഷൻ ആക്കണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല.<br><br>**<u>തീരുമാനം:</u>**<br><br>ചട്ടപ്രകാരം അർഹതയില്ലാത്തതിനാൽ നിരസിക്കാൻ തീരുമാനിച്ചു. |

**<u>11) പത്രപ്രവർത്തകേതര വിഭാഗത്തിൽ നിന്നു പത്രപ്രവർത്തക വിഭാഗത്തിലേയ്ക്ക് മാറിയവരുടെ അപേക്ഷ</u>**

| | |
|---|---|
| 1. | നോൺ - ജേർണലിസ്റ്റ് പെൻഷൻ പദ്ധതിയിൽ അംഗമായ ശ്രീ കെ.കെ. ബാബു 2010 മുതൽ 2019 ഒക്ടോബർ വരെ പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംശദായം ഒടുക്കിയിട്ടുണ്ട്. (അംഗത്വ രേഖ ഹാജരാക്കിയിട്ടില്ല.) 2019 ഏപ്രിൽ മുതൽ ദേശാഭിമാനി ദിനപ്പത്രത്തിൽ പ്രൂഫ് റീഡർ തസ്തികയിലേയ്ക്ക് മാറ്റം വന്നതിനാൽ ജേർണലിസ്റ്റ് പെൻഷൻ പദ്ധതിയിൽ അംഗത്വം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ നിർദ്ദിഷ്ട മാതൃകയിലല്ല. കൂടാതെ ഒരു വിഭാഗത്തിൽ നിന്നും അടുത്ത വിഭാഗത്തിലേയ്ക്ക് മാറുന്നവരുടെ വിഷയം ചട്ടത്തിൽ പ്രതിപാദിക്കുന്നില്ല. ടിയാൻ 2020 ഒക്ടോബർ 31 ന് വിരമിച്ചു.<br><br>**<u>തീരുമാനം:</u>**<br><br>വിഷയം പൊതുവായ പ്രശക്തി ഉള്ളതാണ്. പത്രപ്രവർത്തകേതര വിഭാഗത്തിൽ നിന്നു പത്രപ്രവർത്തക വിഭാഗത്തിലേക്കോ തിരിച്ചോ മാറുന്നവരുടെ വിഷയത്തിൽ പ്രത്യേകം വ്യവസ്ഥ ആവശ്യമാണ്. വ്യവസ്ഥകളുടെ കരട് തയ്യാറാക്കാൻ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു. |

| | |
|---|---|
| 2 | നോൺ - ജേർണലിസ്റ്റ് പെൻഷൻ പദ്ധതിയിൽ അംഗമായ ശ്രീ എം.പി. ഉമ്മർ (അംഗത്വ നം.4165) 2012മുതൽ 2019 വരെ പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംശദായം ഒടുക്കിയിട്ടുണ്ട്. 2018 ഫെബ്രുവരി മുതൽ 'സിറാജ്' ദിനപത്രത്തിൽ റിപ്പോർട്ടർ തസ്തികയിലേയ്ക്ക് മാറ്റം വന്നതിനാൽ (ഫയൽ പത്രപ്രവർത്തകരുടെയാണ്. എന്നാൽ വിഷയം പത്രപ്രവർത്തക പെൻഷനും പത്രപ്രവർത്തകേതര പെൻഷനും ബാധകമാണ്) ജേർണലിസ്റ്റ് പെൻഷൻ പദ്ധതിയിൽ അംഗത്വം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ നിർദ്ദിഷ്ട മാതൃകയിലല്ല. 31-05-1978 ആണ് ജനന തീയതി.<br><br>**<u>തീരുമാനം :</u>**<br><br>അജണ്ട **11(1)**-ന്റെ തീരുമാനം ഇവിടെയും ബാധകമാണ്. |
| 3 | നോൺ - ജേർണലിസ്റ്റ് പെൻഷൻ പദ്ധതിയിൽ അംഗമായ ശ്രീ ആന്റണി.പി.പി 2009 മുതൽ 2019 ജൂലൈ വരെ പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംശദായം ഒടുക്കിയിട്ടുണ്ട്.(അംഗത്വ നം.VII-58 ) 2019 ഏപ്രിൽ മുതൽ 'ദേശാഭിമാനി' ദിനപത്രത്തിൽ പ്രൂഫ് റീഡർ തസ്തികയിലേയ്ക്ക് മാറ്റം വന്നതിനാൽ ജേർണലിസ്റ്റ് പെൻഷൻ പദ്ധതിയിൽ അംഗത്വം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ നിർദ്ദിഷ്ട മാതൃകയിലല്ല. ടിയാൻ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് , നിയമന ഉത്തരവ് , സ്ഥിര നിയമന ഉത്തരവ് (ജേർണലിസ്റ്റ് വിഭാഗത്തിൽ) എന്നിവ ഹാജരാക്കിയിട്ടില്ല. 51 വയസുള്ള ശ്രീ ആന്റണി.പി.പി -യ്ക്ക് ഇനി 7 വർഷമേ സർവീസ് ഉള്ളൂ.<br><br>**<u>തീരുമാനം :</u>**<br><br>അജണ്ട **11(1)**-ന്റെ തീരുമാനം ഇവിടെയും ബാധകമാണ്. |

<u>12) പത്രപ്രവർത്തകേതര പെൻഷൻ അനുവദിച്ച നടപടിയുടെ സാധൂകരണം</u>

**അനുബന്ധം** (5) കണ്ടാലും

<u>13) 50% പെൻഷൻ അനുവദിച്ച നടപടിയുടെ സാധൂകരണം</u>

**അനുബന്ധം** (6) കണ്ടാലും

<u>14) ആശ്രിത പെൻഷൻ അനുവദിച്ച നടപടിയുടെ സാധൂകരണം</u>

**അനുബന്ധം** (7) കണ്ടാലും

<u>15) അദ്ധ്യക്ഷൻ അനുവദിച്ച ഇതര കാര്യങ്ങൾ</u>

1) **26.08.2019-ൽ കൂടിയ ഉപസമിതി യോഗമിനുറ്റ്സിന്റെ അംഗീകാരം:**

26.08.2019-ൽ കൂടിയ ഉപസമിതി യോഗമിനുറ്റ്സിന് അംഗീകാരം നൽകുന്നതിന് 4-5-2021 ലെ സർക്കാർ ഉത്തരവ് പ്രകാരം ഉപസമിതിയെ അധികാരപ്പെടുത്തിയിട്ടുണ്ട്. അതിനാൽമിനുറ്റ്സ് ചർച്ച ചെയ്തു. ഭേദഗതി സഹിതം അംഗീകരിച്ചു. അംഗീകരിച്ച മിനുറ്റ്സ് **അനുബന്ധം 8**-ൽ ചേർത്തിരിക്കുന്നു.

2) **20.02.2020-ൽ കൂടിയ ഉപസമിതി യോഗമിനുറ്റ്സിന്റെ അംഗീകാരം:**

20.02.2020-ൽ കൂടിയ ഉപസമിതി യോഗമിനുറ്റ്സിന് അംഗീകാരം നൽകുന്നതിന് 4-5-2021 ലെ സർക്കാർ ഉത്തരവ് പ്രകാരം ഉപസമിതിയെ അധികാരപ്പെടുത്തിയിട്ടുണ്ട്. അതിനാൽമിനുറ്റ്സ് ചർച്ച ചെയ്തു. ഭേദഗതി സഹിതം അംഗീകരിച്ചു. അംഗീകരിച്ച മിനുറ്റ്സ് **അനുബന്ധം 9**-ൽ ചേർത്തിരിക്കുന്നു.

3) **പാസ് ബുക്കില്ലാതെ വർഷങ്ങളോളം അംശദായം അടച്ചവരുടെ വിഷയം:**

രജിസ്റ്ററുകളും രസീതുകളും പരിശോധിച്ച് കൃത്യമായി തുക മുഴുവൻ അടച്ചിട്ടുണ്ടെന്നും ക്രമപ്രകാരമാണെന്നും മേഖലാ ഡെപ്യൂട്ടി ഡയറക്ടർ സാക്ഷ്യപ്പെടുത്തി നൽകിയാൽ പരിഗണിക്കാവുന്നതാണ്.

4) **2021 ഫെബ്രുവരി 11-ലെ കമ്മിറ്റി തീരുമാന പ്രകാരം അംശദായം പുന:സ്ഥാപിക്കുന്നതിനുള്ള തീയതി ജൂൺ 30-നു അവസാനിക്കുന്നത് സംബന്ധിച്ച്:**

2021 ആഗസ്റ്റ് 31 വരെ നീട്ടുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

5) **കോവിഡിനു മുമ്പുള്ള കാലഘട്ടത്തിൽ റദ്ദായ അംഗത്വം പുനഃസ്ഥാപിക്കുന്നതു സംബന്ധിച്ച്:**

2020 മാർച്ചിന് മുൻപോ അല്ലെങ്കിൽ പ്രസ്തുത മാസത്തിനു മുൻപ് തുടങ്ങി മാർച്ചിന് ശേഷമുള്ള കാലയളവ് ഉൾപ്പെടെയോ ആറുമാസത്തിലധികം അംശദായം മുടങ്ങി അംഗത്വം റദ്ദായവർക്ക് ചട്ടപ്രകാരം അംഗത്വം പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

അംഗത്വം പുനഃസ്ഥാപിക്കുന്നതിനുള്ള കരട് വ്യവസ്ഥകൾ അനുബന്ധം 1(3)ൽ ചേർത്തിരിക്കുന്നു.

6) **പത്ര ഉടമകളുടെ വിഹിതം ഉറപ്പാക്കുന്നത് സംബന്ധിച്ച്:**

പെൻഷൻ നിധിയിൽപത്ര ഉടമകളുടെ വിഹിതം ഉറപ്പാക്കുന്നതിനുള്ള നടപടി ആവശ്യമാണ് എന്ന് ധനകാര്യ വകുപ്പ് പ്രതിനിധി അറിയിച്ചു. ഉചിതമായ തുടർ നടപടി സ്വീകരിക്കാൻ വകുപ്പ് ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

7) **അംഗത്വം അനുവദിക്കാൻ എത്ര വർഷം സർവീസ് വേണം എന്നത് സംബന്ധിച്ച്:**

അംഗത്വം അനുവദിക്കാൻ കുറഞ്ഞത് എത്ര വർഷം സർവീസ് വേണം എന്നത് സംബന്ധിച്ച് ചർച്ച ചെയ്തു 10 വർഷം സർവീസ് ബാക്കിയില്ല എന്ന കാരണത്താൽ മാത്രം അംഗത്വത്തിനുള്ള അപേക്ഷ നിരസിക്കുവാൻ പാടില്ല. ചട്ടത്തിൽ ഇക്കാര്യം വ്യവസ്ഥ ചെയ്തിട്ടില്ല. പെൻഷൻ അനുവദിക്കാൻ അംഗത്തിന് ചട്ടം 4 പ്രകാരം കുറഞ്ഞതു 10 വർഷം സർവീസ് ആവശ്യമാണ് എങ്കിലും പ്രത്യേക സാഹചര്യങ്ങളിൽ 5

വർഷം സർവീസ് ഉള്ള അംഗത്തിന് പരമാവധി 50 % പെൻഷൻ നൽകാൻ വ്യവസ്ഥയുണ്ട്. അതിനാൽ, വിരമിക്കുന്നത് വരെ 10 വർഷം ആകെ സർവീസ് ഇല്ല എന്ന കാരണത്താൽ മാത്രം ഒരാളുടെ അപേക്ഷ നിരസിക്കുന്നത് ഉചിതമല്ല. നിലവിലുള്ള ചട്ടം പരിഗണിക്കുമ്പോൾ, വിരമിക്കുന്നത് വരെ അഞ്ചു വർഷമോ അതിൽ കൂടുതലോ കാലം സർവീസ് ഉള്ളവരെ മറ്റു വ്യവസ്ഥകൾ പ്രകാരം അർഹരെങ്കിൽ അംഗത്വത്തിന് പരിഗണിക്കാവുന്നതാണ്. എന്നാൽ ഒരംഗത്തിന്, കുറഞ്ഞത് അഞ്ചു വർഷത്തെ സർവീസ് ഉള്ളതു കൊണ്ടോ അതിന്റെ അടിസ്ഥാനത്തിൽ അംഗത്വം നേടിയത് കൊണ്ടോ മാത്രം ഏതെങ്കിലും നിരക്കിലുള്ള പെൻഷൻ ഉറപ്പാകുന്നില്ല; ചട്ടത്തിൽ നിഷ്കർഷിച്ചതോ ഭാവിയിൽ സർക്കാർ ഏർപ്പെടുത്തുന്നതോ ആയ വ്യവസ്ഥകൾ പ്രകാരമേ പെൻഷന്റെ കാര്യത്തിൽ തീരുമാനം എടുക്കേണ്ടതുള്ളൂ.

വിരമിക്കുന്നത് വരെ 5 വർഷത്തിൽ താഴെ മാത്രം ആകെ സർവീസ് ഉള്ളവരെ അംഗത്വത്തിന് പരിഗണിക്കേണ്ടതില്ല. അഞ്ചു വർഷത്തിൽ താഴെ മാത്രമേ അംഗത്തിന് ആകെ സർവീസ് ഉള്ളൂ അഥവാ അത്രയും കാലമേ അംശദായം അടച്ചിട്ടുള്ളൂ എങ്കിൽ അടച്ച തുക പലിശരഹിതമായി തിരികെ നൽകാവുന്നതാണ് എന്നും ശുപാർശ ചെയ്യുന്നു.

അജണ്ട 4 ലെ പ്രസക്ത ശുപാർശകൾ കൂടി പരിഗണിക്കാവുന്നതാണ്.

**അംഗത്വം നേടിയ ശേഷം അംശദായം അടയ്ക്കാൻ കഴിയാതെ പോയവരുടെ വിഷയം**

അംഗത്വം നേടിയ ശേഷം ന്യായമായ കാരണങ്ങളാൽ അംശദായം അടയ്ക്കാൻ കഴിയാതെ പോയവർക്കു വ്യക്തവും സ്വീകാര്യവുമായ കാരണം രേഖാമൂലം ബോധിപ്പിച്ച് നിശ്ചിത രേഖകൾ സമർപ്പിച്ചാൽ കുടിശിക പിഴപ്പലിശ സഹിതം അടച്ച് അംഗത്വം പുനഃസ്ഥാപിക്കാൻ അവസരം നൽകുന്നത് പരിഗണിക്കാവുന്നതാണ്.

അംഗത്വം പുനഃസ്ഥാപിക്കാനുള്ള അനുബന്ധം 1(3) ലെ വ്യവസ്ഥകൾ, സ്ഥാപനം മാറിയാൽ സ്വീകരിക്കേണ്ട അനുബന്ധം 1(4) ലെ വ്യവസ്ഥകൾ എന്നിവയിൽ പ്രസക്തമായവ കൂടി കണക്കിൽ എടുക്കാവുന്നതാണ്.

8)

**അനുബന്ധം (1)**

അംഗത്വം ലഭിക്കാനും കുടുംബ പെൻഷൻ അനുവദിക്കാനും അംഗത്വം പുനഃസ്ഥാപിക്കാനും സ്ഥാപനം മാറിയാൽ അംഗത്വം തുടരാനും പാസ് ബുക്ക് നഷ്ടപ്പെട്ടു പോയാൽ ഡ്യൂപ്ലിക്കേറ്റ് ലഭിക്കാനും സമർപ്പിക്കേണ്ട രേഖകൾ, സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്നിവ സംബന്ധിച്ച് ഏർപ്പെടുത്താവുന്ന വ്യവസ്ഥകൾ:

| നമ്പർ | വിഷയം | ഏർപ്പെടുത്താവുന്ന വ്യവസ്ഥകൾ | സമർപ്പിക്കേണ്ട രേഖകൾ / വിവരങ്ങൾ |
|---|---|---|---|
| 1 | **അംഗത്വം ലഭിക്കാൻ** | 1A) നയപരമായ തീരുമാനം ആവശ്യമായ അപേക്ഷകളിലും വിവേചനാധികാരം ഉപയോഗിച്ച് തീരുമാനം എടുക്കേണ്ടതായ അപേക്ഷകളിലും ഉപസമിതിയുടെ വ്യക്തമായ ശുപാർശയോടെ കമ്മിറ്റി അദ്ധ്യക്ഷനായ ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരം തേടുകയോ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുകയോ ചെയ്യേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.<br><br>കമ്മിറ്റിയുടെ/സർക്കാരിന്റെ തീരുമാനം വന്നതിനു ശേഷം അവയിൽ തുടർ നടപടി സ്വീകരിക്കാം.<br><br>--------------------------------------<br><br>1B) രേഖകൾ പൂർണമായ കേസുകളിൽ കമ്മിറ്റിയുടെ തീരുമാനപ്രകാരം അംഗത്വം നൽകേണ്ട സാഹചര്യം ഒഴിവാക്കി, അത്തരം അപേക്ഷകളിൽ താൽക്കാലികമായി അംഗത്വം നൽകുന്നതിന് വകുപ്പ് ഡയറക്ടർക്ക് അധികാരം നൽകാവുന്നതാണ്.<br><br>തുടർന്ന് നടക്കുന്ന കമ്മിറ്റി /ഉപസമിതി യോഗത്തിൽ ഡയറക്ടറുടെ തീരുമാനത്തിന്റെ സാധൂകരണത്തിനും അംഗത്വം സ്ഥിരപ്പെടുത്തുന്നതിനുമായി പ്രസ്തുത അപേക്ഷയുടെ വിവരം/ഫയൽ സമർപ്പിച്ചാൽ മതി.<br><br>--------------------------------------<br><br>1C) സ്വയം സാക്ഷ്യപ്പെടുത്താൻ നിർദ്ദേശിച്ച രേഖകളിൽ തങ്ങളുടെ ഒപ്പ്, പേര്, തസ്തിക, സ്ഥാപനം, അംഗത്വ നമ്പർ, സാക്ഷ്യപ്പെടുത്തുന്ന സ്ഥലം, തീയതി എന്നിവ (പകർപ്പിൽ) രേഖപ്പെടുത്തണം എന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.<br>--------------------------------------<br><br>1D) അപേക്ഷകൻ സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാമാണെന്നും അത് സംബന്ധിച്ച മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ / ജില്ലാ ഇൻഫർമേഷൻ ഓഫീസറുടെ പരിശ | 1D1) ചട്ടപ്രകാരമുള്ള അസ്സൽ അപേക്ഷ.<br><br>1D2) വയസ് തെളിയിക്കാനുള്ള നിശ്ചിത രേഖയുടെ സ്വയം/ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br><br>1D3) നിയമന ഉത്തരവിന്റെ സ്വയം / ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br><br>1D4) സ്ഥിരപ്പെടുത്തിയ ഉത്തരവിന്റെ സ്വയം / ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br><br>1D5) നിശ്ചിത മാതൃകയിലുള്ളതും അപേക്ഷ നൽകുന്ന മാസമോ തൊട്ടു മുമ്പുള്ള മാസമോ സ്ഥാപനാധികാരി നല്കിയതുമായ അസ്സൽ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ്.<br><br>1D6) ലാസ്റ്റ് പേ സ്ലിപ്പ്.<br><br>1D7) രണ്ട് സ്റ്റാമ്പ് സൈസ് ഫോട്ടോ. |

ോധന എപ്രകാരമായിരിക്കണം എന്നും താഴെ പറയും പ്രകാരം വ്യവസ്ഥ ചെയ്യാവുന്നതാണ്.

1D1) ചട്ടപ്രകാരമുള്ള അപേക്ഷ

പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതി ചട്ടം 6(2), അനുബന്ധം 1 (സർക്കാർ ഉത്തരവ് (പി) നം. 7/93/പി ആർ, തീയതി: 16-8-1993) എന്നിവ പ്രകാരം നിശ്ചിത മ ാതൃകയിലുള്ള അസ്സൽ അപേക്ഷയാണ് നൽകേണ്ടത്.

{അപേക്ഷ സമർപ്പിക്കുന്ന ദിവസത്തെ തീയതി തന്നെയാണോ അനുബന്ധം 2ൽ തീയതിക്ക് നേരെ രേഖപ്പെടുത്തി യിരിക്കുന്നത് എന്ന് ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ/മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ (ന്യൂ ഡൽഹ ിയിൽ ഇൻഫർമേഷൻ ഓഫീസർ/ഡെപ്യൂട്ടി ഡയറക്ടർ) പരിശോധിച്ച് രേഖപ്പെടുത്തണം.}

1D2) വയസ് തെളിയിക്കാനുള്ള നിശ്ചിതരേഖ

വയസ് തെളിയിക്കാൻ എസ് എസ് എൽ സി ബുക്ക് / പാസ്പോർട്ട് / ആധാർ/ ഇലക്ഷൻ ഐ ഡി കാർഡ് / ഡ്രൈവിങ് ലൈസൻസ്/ പാൻ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ സ്വയം/ ഗസറ്റഡ് ഓഫീസർ സ ാക്ഷ്യപ്പെടുത്തിയ പകർപ്പാണ് നൽകേണ്ടത്.

1D3) നിയമന ഉത്തരവിന്റെ പകർപ്പ്.

നിയമന ഉത്തരവിന്റെ സ്വയം/ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ആണ് സമർപ്പിക്കേണ്ടത്. എല്ലാ പുറവും സാക്ഷ്യപ്പെടുത്തണം.

1D4) സ്ഥിരപ്പെടുത്തിയ ഉത്തരവിന്റെ പകർപ്പ്
സ്ഥിരപ്പെടുത്തിയ ഉത്തരവിന്റെ സ്വയം/ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ആണ് സമർപ്പിക്ക േണ്ടത്. എല്ലാ പുറവും സാക്ഷ്യപ്പെടുത്തണം.

1D5) അസ്സൽ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ്
അപേക്ഷകൻ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്

ള, നിശ്ചിത മാതൃകയിലുള്ള അസ്സൽ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ആണ് നൽകേണ്ടത്. സ്ഥാപനത്തിലെ മാനേജിങ് ഡയറക്ടർ/ മാനേജിങ് എഡിറ്റർ/നിയമനാധികാരി മാത്രമാണ് സർട്ടിഫിക്കറ്റ് നൽകേണ്ടത്.

{തൊഴിൽ സർട്ടിഫിക്കറ്റിന്റെ പരിഷ്കരിച്ച മാതൃക 4-5-2021 ലെ GO (Rt) No 73/2021/ ഐ&പിആർ-ന്റെ അവസാന പേജിൽ അനുബന്ധം ആയി ചേർത്തിരിക്കുന്നു.

സർട്ടിഫിക്കറ്റ് സ്ഥാപനത്തിന്റെ ഔദ്യോഗിക ലെറ്റർ ഹെഡിൽ ലഭ്യമാക്കേണ്ടതാണ്.

അപേക്ഷ നൽകുന്ന മാസമോ തൊട്ടു മുമ്പുള്ള മാസമോ സ്ഥാപനാധികാരി നല്കിയതായിരിക്കണം സർട്ടിഫിക്കറ്റ്.

അപേക്ഷകൻ സമർപ്പിച്ച തൊഴിൽ സർട്ടിഫിക്കറ്റ് നിശ്ചിത മാതൃകയിൽ ഉള്ളതാണ് എന്ന് ജില്ലാ ഇൻഫർമേഷൻ ഓഫീസർ/മേഖലാ ഡെപ്യൂട്ടി ഡയറക്ടർ (ന്യൂ ഡൽഹി ഓഫീസിൽ ഡെപ്യൂട്ടി ഡയറക്ടർ/ഇൻഫർമേഷൻ ഓഫീസർ) ഉറപ്പ് വരുത്തണം.}

1D6) <u>ലാസ്റ്റ് പേ സ്ലിപ്പ്</u>

1D7) <u>രണ്ട് സ്റ്റാമ്പ് സൈസ് ഫോട്ടോ</u>

ഫോട്ടോകളുടെ മറുവശത്ത് അപേക്ഷകന്റെ പേരും തസ്തികയും സ്ഥാപനവും രേഖപ്പെടുത്തണം

--------------------------------------

1E) അംഗത്വം ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ/മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ (ന്യൂ ഡൽഹിയിൽ ഇൻഫർമേഷൻ ഓഫീസർ/ഡെപ്യൂട്ടി ഡയറക്ടർ) സ്വീകരിക്കുന്ന അവസരത്തിൽ ചുവടെ പരാമർശിക്കുന്ന കാര്യങ്ങൾ കൂടി പരിശോധിച്ച് രേഖപ്പെടുത്തേണ്ടതാണ്.

1E1) <u>മാധ്യമസ്ഥാപനം ചട്ടം പ്രകാരമുള്ളതാണോ എന്ന സാക്ഷ്യപ്പെടുത്തൽ</u> -

മാധ്യമസ്ഥാപനം വേജ് ബോർഡിൻറെ പരിധിയിൽ വരുന്നതാണോ എന്നും ചട്ടം 3(എഫ്) പ്രകാരമുള്ളതാണോ എന്നും സാക്ഷ്യപ്പെടുത്തണം.

| | | | |
|---|---|---|---|
| | | 1E2) അപേക്ഷകൻ <u>നിശ്ചിതരീതിയിലുള്ള മാധ്യമപ്രവർത്തകനാണോ എന്ന വിവരം-</u><br><br>ചട്ടം 3(എ) അഥവാ പ്രസക്തമായ തുടർ ഉത്തരവ് പ്രകാരമുള്ള മാധ്യമ പ്രവർത്തകനാണോ അപേക്ഷകൻ എന്നും കരാർ അടിസ്ഥാനത്തിലല്ല, സ്ഥിരം നിയമനം എന്ന നിലയിലാണ് സ്ഥാപനത്തിൽ ജോലി ചെയ്യുന്നത് എന്നും ഉറപ്പാക്കി സാക്ഷ്യപ്പെടുത്തണം.<br><br>1E3) <u>വ്യക്തമായ ശുപാർശ</u><br>അപേക്ഷകന് അംഗത്വം അനുവദിക്കാമോ എന്ന വ്യക്തമായ ശുപാർശ സഹിതം അപേക്ഷയും അനുബന്ധരേഖകളും ഐ& പി ആർ ഡി ഡയറക്ടർക്ക് അയയ്ക്കേണ്ടതാണ്.<br>ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ ബന്ധപ്പെട്ട മേഖലാ ഡി ഡി-യുടെ ശുപാർശ സഹിതമേ അംഗത്വത്തിനുള്ള അപേക്ഷകൾ ഡയറക്ടറേറ്റിലേക്കു അയയ്ക്കാവൂ എന്നും നിഷ്കർഷിക്കാവുന്നതാണ്.<br>---------------------------------------<br>1F) ഇത് സംബന്ധിച്ച ചെക്ക് ലിസ്റ്റ് വകുപ്പ് തലത്തിൽ ഏർപ്പെടുത്താവുന്നതാണ്. | |
| **നമ്പർ** | **വിഷയം** | **ഏർപ്പെടുത്താവുന്ന വ്യവസ്ഥകൾ** | **സമർപ്പിക്കേണ്ട രേഖകൾ / വിവരങ്ങൾ** |
| 2 | **കുടുംബ പെൻഷൻ** | 2A) കുടുംബ പെൻഷന് അപേക്ഷിക്കാൻ ചട്ടത്തിനു അനുബന്ധം 4 ആയി ഒരു ഫോം ഉണ്ടാക്കാവുന്നതാണ്. ചട്ടത്തിൽ ഭേദഗതി പരിഗണിക്കാം.<br>അനുബന്ധം 4-ൽ അപേക്ഷ നല്കുന്ന ആളിന്റെ പേര്, വീട്ടു വിലാസം, പ്രായം, ജനനത്തീയതി, പെൻഷനറുടെ പേര്, അപേക്ഷകനും പെൻഷനറുമായുള്ള ബന്ധം, പെൻഷനറുടെ അംഗത്വ നമ്പർ, പെൻഷനർ ജോലി ചെയ്തിരുന്ന സ്ഥാപനത്തിന്റെ പേര്, പെൻഷനർ ജോലി ചെയ്തിരുന്ന തസ്തിക, പെൻഷൻ ഓർഡർ നമ്പർ, പെൻഷനർ മരിച്ച തീയതി, പെൻഷനറുടെ നോമിനിയുടെ പേര്, നോമിനിയുടെ പേര് ലഭ്യമല്ലെങ്കിൽ മറ്റു അവകാശികളുടെ സമ്മതപത്രം സമർപ്പിച്ചിട്ടുണ്ടോ എന്ന വിവരം, അപേക്ഷ നൽകുന്ന ആളിന്റെ ഒപ്പ്, തീയതി, സ്ഥലം എന്നിവ വേണം.<br><br>2B) എന്തെല്ലാം രേഖകൾ സമർപ്പിക്കണം എന്നത് സംബന്ധിച്ച വ്യവസ്ഥ ചെയ്യാവുന്നതാണ്.<br><br>അപേക്ഷിക്കുന്ന ആളിന്റെ ഐഡന്റിറ്റി തെളിയിക്കാൻ- | 2A1) അപേക്ഷ (അനുബന്ധം 4)<br><br>2B1) അപേക്ഷിക്കുന്ന ആളിന്റെ ഐഡന്റിറ്റി തെളിയിക്കുന്ന രേഖയുടെ ഗസറ്റഡ് ഓഫിസർ/ സ്വയം അറ്റസ്റ്റ് ചെയ്ത പകർപ്പ്.<br><br>2B2) പെൻഷനറുടെ മരണ സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫിസർ അറ്റസ്റ്റ് ചെയ്ത പകർപ്പ്.<br><br>2B3) അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br><br>2B4) പെൻഷനറുടെ ട്രഷറി സേവിങ്സ് ബാങ്ക് പാസ്സ് ബുക്കിന്റെ ഗസറ്റഡ് ഓഫിസർ സാക്ഷ്യ പ്പെടുത്തിയ പകർപ്പ്. |

| | | | |
|---|---|---|---|
| | | എസ് എസ് എൽ സി ബുക്ക് /പാസ്പോർട്ട്/ ഡ്രൈവിങ് ലൈസൻസ്/ പാൻ കാർഡ്/ആധാർ കാർഡ്/ ഇലക്ഷൻ ഐ ഡി കാർഡ്/ എന്നിവയിൽ ഒന്നിന്റെ ഗസറ്റഡ് ഓഫിസർ/ സ്വയം അറ്റസ്റ്റ് ചെയ്ത പകർപ്പ് വേണം എന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. | 2B5) ചട്ടപ്രകാരമുള്ള മറ്റ് അവകാശികൾ ഉണ്ടെങ്കിൽ അവരുടെ സമ്മതപത്രം. |
| | | പെൻഷനറുടെ മരണ സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫിസർ അറ്റസ്റ്റ് ചെയ്ത പകർപ്പ്, അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പെൻഷനറുടെ ട്രഷറി സേവിങ്സ് ബാങ്ക് പാസ്സ് ബുക്കിന്റെ ഗസറ്റഡ് ഓഫിസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, എന്നിവ വേണം എന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. | 2C1) പെൻഷണറുടെ ട്രഷറി അക്കൗണ്ടിൽ തുക മിച്ചമുണ്ടെങ്കിൽ മരണത്തീയതി വരെയുള്ള തുക പാസ് ബുക്ക് പ്രകാരമുള്ള അവകാശിക്ക നൽകിയതിന്റെയും മരണത്തീയതിക്ക ശേഷം പെൻഷൻ തുക വന്നിട്ടുണ്ടെങ്കിൽ അത് ഐ & പി ആർ ഡയറക്ടറുടെ STSB അക്കൗണ്ടിലേക്ക തിരിച്ചടച്ചതിന്റെയും രേഖ. (ട്രഷറി ഓഫീസറുടെ കത്ത്) |
| | | അനന്തരാവകാശ സർട്ടിഫിക്കറ്റിൽ ചട്ടം 3(ബി) പ്രകാരം 'കുടുംബം' എന്ന നിർവചനത്തിൽ ഉൾപ്പെടുകയും കുടുംബ പെൻഷനു അർഹത ഉണ്ടായിരിക്കുകയും ചെയ്യുന്നവർ ഉണ്ടെങ്കിൽ അപേക്ഷ നൽകുന്ന ആൾ, തനിക്ക കുടുംബ പെൻഷൻ ലഭിക്കുന്നതിന് മറ്റ് അവകാശികളുടെ സമ്മതപത്രം സമർപ്പിക്കണം എന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. | |
| | | 2C) കുടുംബപെൻഷനു വേണ്ടിയുള്ള അപേക്ഷ ഡയറക്ടറേറ്റിൽ ലഭിച്ച ശേഷം ഇവിടെ നിന്ന് ആർ ഡി ഡി -ക്ക്/ ഡി ഐ ഓ-ക്ക് /ട്രഷറിക്ക് നിർദ്ദേശം നൽകുമ്പോൾ മാത്രമാണ് പെൻഷനറുടെ ട്രഷറി ഇടപാടുകൾ പൂർത്തിയാക്കുന്നത്. | |
| | | കാലതാമസം ഒഴിവാക്കാനായി, കുടുംബപെൻഷനു വേണ്ടിയുള്ള അപേക്ഷ ജില്ലാ/മേഖലാ ഓഫീസിൽ ലഭിക്കുമ്പോൾത്തന്നെ പെൻഷനറുടെ ട്രഷറി ഇടപാടുകൾ പൂർത്തിയാക്കി, അതിന്റെ രേഖ (ട്രഷറി ഓഫീസറുടെ കത്ത്) സഹിതം ഡയറക്ടറേറ്റിലേക്ക ആർ ഡി ഡി /ഡി ഐ ഓ അപേക്ഷയും അനുബന്ധ രേഖകളും അയച്ചാൽ മതി എന്ന് നിശ്ചയിക്കാവുന്നതാണ്. | |
| | | പെൻഷണറുടെ മരണത്തീയതി വരെയുള്ള തുക പാസ് ബുക്ക് പ്രകാരമുള്ള അവകാശിക്ക നൽകുന്നതിനും അതിനു ശേഷം അക്കൗണ്ടിൽ പെൻഷൻ തുക വന്നിട്ടുണ്ടെങ്കിൽ അത് ഐ & പി ആർ ഡയറക്ടറുടെ STSB അക്കൗണ്ടിലേക്ക തിരിച്ചടയ്ക്കാനും നടപടി സ്വീകരിക്കുന്നതിനു മേഖലാ ഡി ഡി മാർക്കും ഡി ഐ ഓ - മാർക്കും മുൻകൂർ ച്ചമതല നൽകാവുന്നതാണ്. | |
| | | കുടുംബ പെൻഷന് വേണ്ടിയുള്ള അപേക്ഷ ഡയറക്ടറേറ്റിലേക്ക് അയക്കും മുൻപ് ഈ പ്രക്രിയ പൂർത്തിയാക്കണ | |

| | | | |
|---|---|---|---|
| | | മെന്നും, മേഖലാ ഡി ഡി-യുടെ ശുപാർശ, ബന്ധപ്പെട്ട ട്രഷറി ഓഫീസറുടെ കത്ത് എന്നിവ സഹിതമേ അപേക്ഷയും അനുബന്ധ രേഖ കളും ഡയറക്ടറേറ്റിലേക്കു അയയ്ക്കാവൂ എന്നും നിഷ്കർഷിക്കാവുന്നതാണ്.<br>------------------------------------<br>2D) രേഖകൾ സ്വയം സാക്ഷ്യപ്പെടുത്തു ന്നവർ തങ്ങളുടെ ഒപ്പ്, പേര്, സാക്ഷ്യപ്പെടുത്തുന്ന സ്ഥലം, തീയതി എന്നിവ പകർപ്പിൽ രേഖപ്പെടുത്തണം എന്ന് നിഷ്കർഷിക്കാവുന്നതാണ്.<br><br>2E) ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ ബന്ധപ്പെട്ട മേഖലാ ഡി ഡി-യുടെ ശുപാർശ സഹിതമേ കുടുംബപെൻഷൻ അപേക്ഷകൾ ഡയറക്ടറേറ്റിലേക്കു അയയ്ക്കാവൂ എന്ന് നിഷ്കർഷിക്കാവുന്നതാണ്.<br><br>2F) ഇത് സംബന്ധിച്ച ചെക്ക് ലിസ്റ്റ് വകുപ്പ് തലത്തിൽ ഏർപ്പെടുത്താവുന്നതാണ്. | |

| നമ്പർ | വിഷയം | ഏർപ്പെടുത്താവുന്ന വ്യവസ്ഥകൾ | സമർപ്പിക്കേണ്ട രേഖകൾ / വിവരങ്ങൾ |
|---|---|---|---|
| 3 | **അംഗത്വം പുനഃസ്ഥാപിക്കാൻ** | ആറു മാസത്തിൽ അധികം കാലം അംശദായം അടയ്ക്കാതെ ചട്ടം 7(3) പ്രകാരം അംഗത്വം റദ്ദായാൽ അത് പുനഃസ്ഥാപിക്കുന്ന വിഷയത്തിൽ താഴെ പറയുന്ന വ്യവസ്ഥകൾ ഏർപ്പെടുത്താവുന്നതാണ്:<br><br>ഇതിനായി മേഖലാ ഡെപ്യൂട്ടി ഡയറക്ടർ /ജില്ലാ ഇൻഫർമേഷൻ നടത്തേണ്ട പരിശോധന, ലഭ്യമാക്കേണ്ട രേഖകൾ/ വിവരങ്ങൾ എന്നിവ സംബന്ധിച്ചും വ്യവസ്ഥ കൊണ്ടുവരാവുന്നതാണ്:<br><br>3A) എന്നു മുതൽ അംശദായം മുടങ്ങി എന്നും മുടങ്ങിയതിന്റെ കാരണവും പുനഃസ്ഥാപിക്കണം എന്നുള്ള ആവശ്യവും വ്യക്തമാക്കുന്നതും വെള്ളക്കടലാസിൽ എഴുതിയതുമായ കത്ത് /അപേക്ഷ സമർപ്പിക്കണം എന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.<br>--------------------------------------<br><br>3B) അംശദായം മുടങ്ങിയ മാസം മുതൽ നിലവിൽ { അംഗത്വം പുനഃസ്ഥാപിച്ചു കുടിശിക തുക അടയ്ക്കുന്ന (അല്ലെങ്കിൽ അടയ്ക്കുന്നതിന് തൊട്ടു മുൻപുള്ള) മാസം വരെ /വിരമിച്ചവരാണെങ്കിൽ വിരമിക്കൽ തീയതി വരെ} സ്ഥിരം പത്രപ്രവർത്തകേതര ജീവനക്കാരനായി ജോലി ചെയ്യുന്നുണ്ട് എന്നു തെളിയിക്കുന്ന (4-5-2021 ലെ GO (Rt) No 73/2021/ ഐ &പി ആർ -ന്റെ അവസാന പേജി | 3A1) വെള്ളക്കടലാസിൽ ഉള്ള കത്ത് /അപേക്ഷ.<br><br>3B1) അംശദായം മുടങ്ങിയ മാസം മുതൽ പുനഃസ്ഥാപിച്ചു കുടി ശിക തുക അടയ്ക്കുന്ന അല്ലെങ്കിൽ അടയ്ക്കുന്നതിന് തൊട്ടു മുൻപു ള്ള) മാസം വരെ സ്ഥിരം പത്രപ്രവർത്ത കകേതര ജീവനക്കാരനായി / ജീവനക്കാരിയായി ജോലി ചെയ്യുന്നുണ്ട് എന്നു തെളിയിക്കുന്ന (4-5-2021 ലെ GO (Rt) No 73/2021/ ഐ & പി ആർ -ന്റെ അവസാന പേജിലെ മാതൃകയിലുള്ള) അസ്സൽ തൊഴിൽ സർട്ടിഫിക്കറ്റ്<br><br>3C1) മുമ്പ് അംഗത്വം റദ്ദായിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ എത്ര തവണ അംഗത്വം പുനഃസ്ഥാപിക്കപ്പെട്ടു എന്നും ബോധിപ്പിക്കുന്ന രേഖ (അപേക്ഷകൻ വെള്ളക്കടലാസിൽ തയ്യാറാക്കിയ സത്യപ്രസ്താവന). മുമ്പ് അംഗത്വം റദ്ദാകുകയ |

| | | | |
|---|---|---|---|
| | | ലെ മാതൃകയിലുള്ള) അസ്സൽ തൊഴിൽ സർട്ടിഫിക്കറ്റ് സമർപ്പിക്കണം എന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.<br><br>ഇക്കാലഘട്ടത്തിൽ ഒന്നിൽ അധികം സ്ഥാപനത്തിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം എന്നും വ്യവസ്ഥ ചെയ്യാവുന്നതാണ്. .<br><br>അംശദായം മുടങ്ങിയതു മുതൽ കുടിശ്ശിക തുക അടയ്ക്കുന്ന/ തൊട്ടുമുമ്പുള്ള മാസം വരെ അപേക്ഷകൻ (അഥവാ അപേക്ഷക) സ്ഥാപനത്തിൽ സ്ഥിരം ജീവനക്കാരനായി / ജീവനക്കാരിയായി തുടരുന്നുണ്ട് എന്ന് തൊഴിൽ സർട്ടിഫിക്കറ്റ് പരിശോധിച്ച് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ /ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഉറപ്പു വരുത്തണം എന്നും വ്യവസ്ഥ ചെയ്യാവുന്നതാണ്.<br><br>3C) മുമ്പ് അംഗത്വം റദ്ദായിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ എത്ര തവണ അംഗത്വം പുനഃസ്ഥാപിക്കപ്പെട്ടു എന്നും ബോധിപ്പിക്കുന്ന രേഖ (അപേക്ഷകൻ വെള്ളക്കടലാസിൽ തയ്യാറാക്കിയ സത്യപ്രസ്താവന) സമർപ്പിക്കണം എന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.<br><br>മുമ്പ് അംഗത്വം റദ്ദാകുകയോ പുനഃസ്ഥാപിക്കുകയോ ചെയ്തിട്ടില്ലെങ്കിലും അക്കാര്യം രേഖപ്പെടുത്തി സത്യപ്രസ്താവന നൽകണം.<br><br>3D) ഏറ്റവും ഒടുവിലത്തെ അടവു വിവരം വരെ രേഖപ്പെടുത്തിയ പാസ് ബുക്ക്, അതിന്റെ എല്ലാ പേജുകളുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സമർപ്പിക്കണം എന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.<br><br>3E) അംഗത്വം അനുവദിച്ച കത്ത് / ഉത്തരവ് / അംഗത്വ രേഖ ഇവയിൽ ഒന്നിന്റെ പകർപ്പ് ലഭ്യമാക്കണം എന്ന് നിഷ്കർഷിക്കാവുന്നതാണ്. | ോ പുനഃസ്ഥാപിക്കുകയോ ചെയ്തിട്ടില്ലെങ്കിലും അക്കാര്യം രേഖപ്പെടുത്തി സത്യപ്രസ്താവന നൽകണം.<br><br>3D1) ഏറ്റവും ഒടുവിലത്തെ അടവു വിവരം വരെ രേഖപ്പെടുത്തിയ പാസ് ബുക്ക്, അതിന്റെ എല്ലാ പേജുകളുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br><br>3E1) അംഗത്വം അനുവദിച്ച കത്ത് / ഉത്തരവ് / അംഗത്വ രേഖ ഇവയിൽ ഒന്നിന്റെ പകർപ്പ്. |
| | | 3F) ആറു മാസം വരെ അംശദായം മുടങ്ങിയാൽ അംഗത്വം റദ്ദാകില്ല എങ്കിലും മുടങ്ങിയ ഓരോ മാസത്തിനും (കുടിശിക അടയ്ക്കുന്ന മാസം വരെ പ്രതിമാസം 10 രൂപ വീതം പിഴയായി നൽകണം എന്നു വ്യവസ്ഥ ചെയ്യാവുന്നതാണ്. | |
| | | 3F) ഏഴു മാസം വരെ അംശദായം മുടങ്ങി അംഗത്വം റദ്ദാകുകയും ഏഴാം മാസം അംഗത്വം പുനഃസ്ഥാപിക്കുന്നതിനു അപേക്ഷ നൽകുകയും ചെയ്യുന്നവരിൽ നിന്ന് 15% പിഴപ്പലിശ ഈടാക്കേണ്ടതില്ല എന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ളവർ മുടങ്ങിയ ഓരോ | |

| | | | |
|---|---|---|---|
| | | മാസത്തിനും കുടിശിക അടയ്ക്കുന്ന മാസം വരെ പ്രതിമാസം 10 രൂപ വീതം പിഴയായി നൽകണം എന്നു വ്യവസ്ഥ ചെയ്യാവുന്നതാണ്. | |
| | | 3G) ഏഴു മാസത്തിനു മുകളിൽ മൂന്നു വര്ഷം വരെ അംശദായം മുടങ്ങുന്നവർ 15% ഉം മൂന്നു വർഷത്തിന് മുകളിൽ അഞ്ചു വർഷം വരെ 20% ഉം അഞ്ചു വർഷത്തിന് മുകളിൽ 25% ഉം പിഴപ്പലിശ അടയ്ക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. അംശദായം മുടങ്ങിയത് മുതൽ കുടിശിക അടയ്ക്കുന്ന മാസം വരെയുള്ള ആകെ തുകയ്ക്കു പിഴപ്പലിശ കണക്കാക്കാം എന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. | |
| | | 3H) വെള്ളക്കടലാസിൽ നൽകുന്ന അപേക്ഷയിലും സത്യപ്രസ്താവനയിലും സ്വയം സാക്ഷ്യപ്പെടുത്തുന്ന രേഖകളിലും അപേക്ഷകന്റെ ഒപ്പ്, പേര്, തസ്തിക, അംഗത്വ നമ്പർ ,സ്ഥാപനം, സാക്ഷ്യപ്പെടുത്തുന്ന സ്ഥലം, തീയതി എന്നിവ രേഖപ്പെടുത്തി നൽകണം എന്ന് നിഷ്കർഷിക്കാവുന്നതാണ്. ------------------------------------------------------------------ | |
| | | 3I) ഇത് സംബന്ധിച്ച ചെക്ക് ലിസ്റ്റ് വകുപ്പ് തലത്തിൽ ഏർപ്പെടുത്താവുന്നതാണ്. | |

| നമ്പർ | വിഷയം | ഏർപ്പെടുത്താവുന്ന വ്യവസ്ഥകൾ | സമർപ്പിക്കേണ്ട രേഖകൾ / വിവരങ്ങൾ |
|---|---|---|---|
| 4 | **ഒരു അംഗം സ്ഥാപനം മാറിയാൽ** | ഒരു അംഗം സ്ഥാപനം മാറിയാൽ അംശദായം സ്വീകരിക്കുന്ന വിഷയത്തിൽ താഴെ പറയുന്ന വ്യവസ്ഥകൾ ഏർപ്പെടുത്താവുന്നതാണ്:<br><br>4A) പദ്ധതിയിൽ അംഗമായിരിക്കെ ഒരു സ്ഥാപനത്തിൽ നിന്ന് തൊഴിൽ രഹിതനായി/ രഹിതയായി പുറത്തുപോയാൽ, പിരിഞ്ഞ തീയതി മുതൽ ആറു മാസത്തിനകം ആ വ്യക്തി ചട്ടം അനുശാസിക്കുന്ന മറ്റൊരു സ്ഥാപനത്തിൽ ജോലി നേടിയാൽ, അത് സംബന്ധിച്ച നിശ്ചിത രേഖകൾ ബന്ധപ്പെട്ട ജില്ലാ / മേഖലാ ഓഫീസിൽ സമർപ്പിച്ചു പദ്ധതിയിൽ തുടരാവുന്നതും അംശദായം തുടർന്ന് അടയ്ക്കാവുന്നതുമാണ് എന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.<br><br><u>നിശ്ചിത രേഖകൾ</u>:- വെള്ളക്കടലാസിൽ ഉള്ള അപേക്ഷ, മുൻസ്ഥാപനത്തിൽ നിന്ന് പിരിഞ്ഞതിന്റെ രേഖയുടെ സ്വയം/ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പുതിയ സ്ഥാപനത്തിലെ നിയമനോത്തരവിന്റെ സ്വയം/ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അപേക്ഷ നൽകുന്ന മാസം ലഭിച്ച അസ്സൽ തൊഴി | 4A1) വെള്ളക്കടലാസിൽ ഉള്ള അപേക്ഷ.<br><br>4A2) മുൻസ്ഥാപനത്തിൽ നിന്ന് പിരിഞ്ഞ രേഖയുടെ സ്വയം/ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br><br>4A3) പുതിയ സ്ഥാപനത്തിലെ നിയമനോത്തരവിന്റെ സ്വയം /ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br><br>4A4) അപേക്ഷ നൽകുന്ന മാസ |

| | | | |
|---|---|---|---|
| | | ൽ സർട്ടിഫിക്കറ്റ് (4-5-2021 ലെ GO (Rt) No 73/2021/ ഐ & പി ആർ -ൻ്റെ അവസാന പേജിൽ ചേർത്തിരിക്കുന്ന മാതൃകയിലുള്ളത്), അംഗത്വം അനുവദിച്ച ഉത്തരവിന്റെ /കത്തിന്റെ പകർപ്പ് (അല്ലെങ്കിൽ അംഗത്വ രേഖ), പാസ് ബുക്കിന്റെ എല്ലാ പേജുകളുടെയും സ്വയം/ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഐഡന്റിറ്റി തെളിയിക്കാൻ എസ് എസ് എൽ സി ബുക്ക് / പാസ്പോർട്ട്/ ഡ്രൈവിങ് ലൈസൻസ്/ പാൻ കാർഡ്/ ആധാർ കാർഡ്/ ഇലക്ഷൻ ഐ ഡി കാർഡ്/ എന്നിവയിൽ ഒന്നിന്റെ ഗസറ്റഡ് ഓഫിസറോ സ്വയമോ അറ്റസ്റ്റ് ചെയ്ത പകർപ്പ് എന്നിവ.<br><br>ഇങ്ങനെയുള്ളവർക്ക് അംഗത്വം റദ്ദാകുകയോ പുനഃസ്ഥാപിക്കേണ്ടി വരികയോ ചെയ്യുന്നില്ല എന്നതിനാൽ ചുമതലപ്പെട്ട ജില്ലാ ഇൻഫർമേഷൻ ഓഫീസർക്കു /മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ട് അംശദായം സ്വീകരിക്കാവുന്നതാണ്.<br><br>തുക സ്വീകരിക്കുമ്പോൾ പുതിയ സ്ഥാപനത്തിന്റെ പേര് പാസ് ബുക്കിൽ തുകയോടൊപ്പം രേഖപ്പെടുത്തണം എന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്<br><br>തുക സ്വീകരിച്ച ശേഷം നടപടിയുടെ സാധൂകരണത്തിനായി ഒരു മാസത്തിനകം രേഖകൾ ഡയറക്ടർക്ക് സമർപ്പിച്ചാൽ മതിയാകും എന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.<br><br>4B) ചട്ടം പ്രകാരമുള്ള ജോലിയിൽ ഏർപ്പെടാതെ ആറു മാസം വരെ ഒരാൾക്ക് ഇടവേള ഉണ്ടെങ്കിൽ അക്കാലഘട്ടത്തിൽ അംശദായം അടയ്ക്കേണ്ടതില്ല എന്നും എന്നാൽ ആറു മാസത്തിൽ അധികം കാലം ഇടവേള ഉണ്ടെങ്കിൽ അംഗത്വം പുനഃസ്ഥാപിക്കുന്ന സമയത്തു ഏഴാം മാസം മുതലുള്ള അംശദായം അടയ്ക്കണം എന്നും വ്യവസ്ഥ ചെയ്യാവുന്നതാണ്.<br><br>4C) ഒരംഗം തുടർച്ചയായി ആറു മാസത്തിൽ കൂടുതൽ കാലം അംശദായം അടയ്ക്കാതിരുന്നാൽ അംഗത്വം ചട്ടം 7(3) പ്രകാരം സ്വമേധയാ റദ്ദാകും.<br><br>റദ്ദായാൽ അംഗത്വം പുനഃസ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കണം.<br><br>4D) പദ്ധതിയിൽ അംഗമായിരിക്കെ ഒരു വർഷത്തിൽ കുറയാത്ത കാലത്തേക്ക് ജോലിയിൽ ഏർപ്പെടാതെ ഇരിക്കുകയാണെങ്കിലും അംഗത്വം ചട്ടം 7(2) പ്രകാരം റദ്ദാകും. റദ്ദായാൽ അംഗത്വം പുനഃസ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കണം. | ം ലഭിച്ച നിശ്ചിത അസ്സൽ തൊഴിൽ സർട്ടിഫിക്കറ്റ്.<br><br>4A5) അംഗത്വം അനുവദിച്ച ഉത്തരവിന്റെ /കത്തിന്റെ പകർപ്പ് ( അല്ലെങ്കിൽ അംഗത്വ രേഖയുടെ പകർപ്പ്.)<br><br>4A6) പാസ് ബുക്കിന്റെ എല്ലാ പേജുകളുടെയും സ്വയം/ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br><br>4A7) ഐഡന്റിറ്റി തെളിയിക്കാൻ നിശ്ചിത രേഖയുടെ സ്വയം/ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. |

| | | | |
|---|---|---|---|
| | | 4E) ഒരു സ്ഥാപനത്തിൽ നിന്ന് തൊഴിൽ രഹിതനായി / രഹിതയായി പുറത്തു പോയാൽ, പിരിഞ്ഞ തീയതി മുതൽ ആറു മാസത്തിനകം ആ വ്യക്തി ചട്ടം അനുശാസിക്കുന്ന മറ്റൊരു സ്ഥാപനത്തിൽ ജോലി നേടിയില്ലെങ്കിലും അംഗത്വം റദ്ദാകും എന്ന് നിഷ്കർഷിക്കാവുന്നതാണ്. റദ്ദായാൽ അംഗത്വം പുനഃസ്ഥാപിക്കുന്ന തിനുള്ള വ്യവസ്ഥകൾ പാലിക്കണം.<br>-------------------------------------<br>4F) രേഖകൾ സ്വയം സാക്ഷ്യപ്പെടുത്തു ന്നവർ തങ്ങളുടെ ഒപ്പ്, പേര്, തസ്തിക, അംഗത്വ നമ്പർ, സ്ഥാപനം, സാക്ഷ്യ പ്പെടുത്തുന്ന സ്ഥലം, തീയതി എന്നിവ പകർപ്പിൽ രേഖപ്പെടുത്തണം എന്ന് നിഷ്കർഷിക്കാവുന്നതാണ്.<br>-------------------------------------------------------------------<br>4G) ഇത് സംബന്ധിച്ച ചെക്ക് ലിസ്റ്റ് വകുപ്പ് തലത്തിൽ ഏർപ്പെടുത്താവുന്നതാണ്. | |

| നമ്പർ | വിഷയം | ഏർപ്പെടുത്താവുന്ന വ്യവസ്ഥകൾ | സമർപ്പിക്കേണ്ട രേഖകൾ / വിവരങ്ങൾ |
|---|---|---|---|
| 5 | **പാസ് ബുക്ക് നഷ്ടപ്പെട്ടു പോയാൽ ഡ്യൂപ്ലിക്കേറ്റ് ലഭിക്കാൻ** | ഡ്യൂപ്ലിക്കേറ്റ് പാസ് ബുക്ക് അനുവദിക്കാൻ താഴെ പറയുന്ന വ്യവസ്ഥകൾ ഏർപ്പെടുത്താവുന്നതാണ്.<br><br>(5A) പെൻഷൻ ആനുകൂല്യങ്ങൾ കണക്കാക്കാനുള്ള അടിസ്ഥാന രേഖയും തെളിവും പാസ് ബുക്കിലെ വിവരങ്ങൾ ആണ് എന്ന് ചട്ടം 9ൽ പറയുന്നു. അതിനാൽ പാസ് ബുക്ക് ഇല്ലാതെ അംശദായം സ്വീകരിക്കരുത്. അംശദായം സ്വീകരിക്കുമ്പോൾത്തന്നെ പാസ് ബുക്കിൽ വിവരം രേഖപ്പെടുത്തി നൽകണം. അംഗത്തിന്റെ പാസ് ബുക്ക് വകുപ്പിന്റെ ഓഫീസിൽ സൂക്ഷിക്കരുത്.<br><br>(5B) ഒരാളുടെ പാസ് ബുക്ക് നഷ്ടപ്പെടുകയോ നഷ്ടപ്പെട്ട ബുക്ക് തിരിച്ചുകിട്ടുകയോ ചെയ്താൽ ഒരു മാസത്തിനകം അയാൾ അംശദായം അടയ്ക്കുന്ന ഓഫീസിൽ (ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ / മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ) വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.<br><br>(5C) പുതിയ പാസ് ബുക്കിനായി (ഡ്യൂപ്ലിക്കേറ്റ്) വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ അംശദായം അടയ്ക്കുന്ന ഓഫീസിൽ നൽകണം. അപേക്ഷകന്റെ ഒപ്പ്, പേര്, തസ്തിക, അംഗത്വ നമ്പർ ,സ്ഥാപനം, സാക്ഷ്യപ്പെടുത്തുന്ന സ്ഥലം, തീയതി എന്നിവ അപേക്ഷയിൽ രേഖപ്പെടുത്തി നൽകണം.<br><br>(5D) അപേക്ഷ നൽകുന്ന മാസത്തെയോ തൊട്ടു മുൻപുള്ള മാസത്തെയോ സാലറി സ്ലിപ് (Pay slip ) അപേക് | (5C1) വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ.<br><br>(5D1) അപേക്ഷ നൽകുന്ന മാസത്തെയോ തൊട്ടു മുൻപുള്ള മാസത്തെയോ സാലറി സ്ലിപ് (Pay slip )<br><br>(5E1) 250 രൂപ ഐ & പി ആർ വകുപ്പ് ഡയറക്ടറുടെ സ്പെഷ്യൽ ടിഎസ് ബി അക്കൗണ്ടിൽ അടച്ച രസീതിന്റെ സ്വയം / ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br><br>5F1) രണ്ട് സ്റ്റാമ്പ് സൈസ് ഫോട്ടോ.<br><br>5G1) ലഭ്യമാണെങ്കിൽ പാസ് ബുക്കിന്റെ പകർപ്പ് അല്ലെങ്കിൽ എല്ലാ മാസവും അംശദായം അടച്ച രസീതുകളുടെ സ്വയം / ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br><br>(5H1) ചട്ടം 7(3) പ്രകാരം അംഗ |

| | | | |
|---|---|---|---|
| | | ഷയോടൊപ്പം നൽകണം.<br><br>(5E) ഡ്യൂപ്ലിക്കേറ്റ് പാസ് ബുക്കിനായി 250 രൂപ (ചട്ടം 9 ൽ 10 രൂപ ആയിരുന്നത് പിന്നീട് വധിപ്പിച്ചിട്ടുണ്ട് ) ഐ & പി ആർ വകുപ്പ് ഡയറക്ടറുടെ സ്പെഷ്യൽ ടിഎസ് ബി അക്കൗണ്ടിൽ അടച്ച രസീതിന്റെ സ്വയം / ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോട ൊപ്പം ചേർക്കണം.<br><br>(5F) രണ്ട് സ്റ്റാമ്പ് സൈസ് ഫോട്ടോ അപേക്ഷകൻ ന ൽകണം. ഫോട്ടോകളുടെ മറുവശത്തു അപേക്ഷകന്റെ പേരും തസ്തികയും സ്ഥാപനവും രേഖപ്പെടുത്തണം.<br><br>(5G) പാസ് ബുക്കിന്റെ പകർപ്പ് ഉണ്ടെങ്കിൽ അവയും അപേക്ഷകൻ നൽകണം. പകർപ്പ് ഇല്ലെങ്കിൽ എല്ലാ മ ാസവും അംശദായം അടച്ച രസീതുകളുടെ പകർപ്പ് ന ൽകണം. പകർപ്പുകൾ സ്വയം (അല്ലെങ്കിൽ ആർ ഡി ഡി / ഡി ഐ ഓ ) സാക്ഷ്യപ്പെടുത്തിയതായിരിക്കണം.<br><br>(5H) പാസ് ബുക്ക് നഷ്ടപ്പെട്ട് ആറു മാസം കഴിഞ്ഞാണ് ഡ്യൂപ്ലിക്കേറ്റിന് വേണ്ടി അപേക്ഷ നൽകുന്നത് എങ്കിൽ ച ട്ടം 7 (3) പ്രകാരം അംഗത്വം റദ്ദായതിനാൽ അത് പുനഃ സ്ഥാപിക്കാൻ നിശ്ചയിച്ചിട്ടുള്ള രേഖകൾ അപേക്ഷകൻ നൽകണം.<br><br>(5I) ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ ലഭിക്കുന്ന രേഖ കൾ പരിശോധിച്ച് അർഹനെങ്കിൽ ഡി ഐ ഓ - യുട െ ശുപാർശ സഹിതം മേഖലാ ഓഫീസിലേക്ക് അയ യ്ക്കണം.<br><br>(5J) പാസ് ബുക്ക് നഷ്ടപ്പെട്ട് ആറു മാസത്തിനകം ഡ്യൂപ്ല ിക്കേറ്റ് പാസ് ബുക്കിനു അപേക്ഷ നൽകുന്നവരുടെ രേ ഖകൾ പരിശോധിച്ച് അർഹരായവർക്ക് ഡ്യൂപ്ലിക്കേറ്റ് പ ാസ് ബുക്ക് അനുവദിക്കാൻ മേഖലാ ഡെപ്യൂട്ടി ഡയറ ക്ടർമാരെ ചുമതലപ്പെടുത്താവുന്നതാണ്. ആറു മാസത്തി നു ശേഷമാണ് അപേക്ഷ നൽകുന്നത് എങ്കിൽ അംഗത് വം പുനഃസ്ഥാപിച്ച് ഡ്യൂപ്ലിക്കേറ്റ് പാസ് ബുക്ക് നൽകുന്ന തിനായി നിശ്ചയിച്ചിട്ടുള്ള രേഖകൾ കൂടി ഉൾപ്പെടുത്തി ആർ ഡി ഡി യുടെ ശുപാർശയോടെ ഡയറക്ടറേറ്റിലേ ക്ക് അയയ്ക്കണം.<br><br>(5K) പാസ് ബുക്ക് അനുവദിക്കുന്ന ഉദ്യോഗസ്ഥൻ, ഏതു ഉത്തരവ് പ്രകാരമാണ് ഡ്യൂപ്ലിക്കേറ്റ് പാസ് ബുക്ക് നൽ കുന്നത് എന്ന് പാസ് ബുക്കിന്റെ മൂന്നാം പേജിൽ (കവർ പേജ് ആണ് ഒന്നാം പേജ്) രേഖപ്പെടുത്തേണ്ടതാണ്.<br><br>(5L) ഡ്യൂപ്ലിക്കേറ്റ് പാസ് ബുക്ക് അനുവദിച്ചാൽ ആ വിവ | ത്വം റദ്ദായാൽ അത് പുനഃസ്ഥാപി ക്കാൻ നിശ്ചയിച്ചിട്ടുള്ള രേഖകൾ. |

| | | | |
|---|---|---|---|
| | | രം ബന്ധപ്പെട്ട ഉദ്യോഗസ്ഥനെയും അപേക്ഷകനെയും രേഖാമൂലം അറിയിക്കണം. അംശദായം അടയ്ക്കുന്ന ഓഫീസിലേക്ക് ഡ്യൂപ്ളിക്കേറ്റ് പാസ് ബുക്ക് രജിസ്റ്റേഡ് തപാലിൽ അയയ്ക്കണം. അപേക്ഷകന് ആ ഓഫീസിൽ നിന്ന് പാസ് ബുക്ക് കൈപ്പറ്റാവുന്നതാണ്.<br><br>(5M) ഫോട്ടോ പതിച്ച പുതിയ പാസ് ബുക്ക് നൽകുമ്പോൾ പഴയ പാസ് ബുക്കിലെ വിവരങ്ങൾ അതിന്റെ പകർപ്പിൽ നിന്നോ ജില്ലാ/ മേഖലാ ഓഫീസിലെ രേഖകളിൽ (രജിസ്റ്റർ /രസീത്) നിന്നോ കണ്ടെത്തി അംശദായം സ്വീകരിക്കുന്ന ദ്യോഗസ്ഥന്റെ ഉത്തരവാദിത്തത്തിൽ ഡ്യൂപ്ലിക്കേറ്റ് ബുക്കിൽ എഴുതി ചേർക്കേണ്ടതാണ്.<br>(5N) രേഖകൾ സ്വയം സാക്ഷ്യപ്പെടുത്തു ന്നവർ തങ്ങളുടെ ഒപ്പ്, പേര്, തസ്തിക, അംഗത്വനമ്പർ, സ്ഥാപനം, സാക്ഷ്യ പ്പെടുത്തുന്ന സ്ഥലം, തീയതി എന്നിവ പകർപ്പിൽ രേഖപ്പെടുത്തണം എന്ന് നിഷ്കർഷിക്കാവുന്നതാണ്.<br><br>---------------------------------------<br><br>5O) ഇത് സംബന്ധിച്ച ചെക്ക് ലിസ്റ്റ് വകുപ്പ് തലത്തിൽ ഏർപ്പെടുത്താവുന്നതാണ്. | |

## <u>അനുബന്ധം 2</u>

അംഗത്വം അനുവദിക്കുമ്പോൾ, സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്നതിനും വിവരങ്ങളിൽ വ്യക്തത വരുത്തുന്നതിനും ഒരു **അംഗത്വരേഖ** (Membership Document) കൂടി ഉൾപ്പെടുത്തി നൽകാവുന്നതാണ്. വിശദവിവരം:

(a):- അംഗത്വ നമ്പർ ഉൾപ്പെടെ അപേക്ഷകന്റെ വിശദവിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ടും ഏതു വർഷം, ഏതു മാസം മുതൽ അംഗത്വം അനുവദിച്ചു; അംശദായം എന്ന് മുതൽ അടയ്ക്കണം എന്നും നിലവിൽ എത്ര രൂപയാണ് പ്രതിമാസം അംശദായം അടയ്ക്കേണ്ടത് എന്നും, കുടിശിക തുക ഉണ്ടെങ്കിൽ പിഴപ്പലിശ സഹിതം അടയ്ക്കേണ്ടതുണ്ടോ എന്നും ആ ഇനത്തിൽ എത്ര രൂപ അടയ്ക്കണം എന്നും നോമിനി ആര് എന്നും മറ്റുമുള്ള കാര്യങ്ങൾ വ്യക്തമാക്കിക്കൊണ്ടും ഈ രേഖ നൽകിയാൽ ഉചിതമായിരിക്കും.

(b):- ഒരാൾ സ്ഥാപനത്തിൽ സ്ഥിരപ്പെട്ട ശേഷം വളരെ വൈകി മാത്രം അംഗത്വ അപേക്ഷ നൽകുമ്പോൾ സർക്കാരിന് അംശദായം/പലിശ ഇനത്തിൽ സാമ്പത്തിക നഷ്ടം ഉണ്ടാകാനിടയുണ്ട്. അതിനാൽ ഒരാൾ സ്ഥിരപ്പെട്ട മാസം മുതൽ അംഗത്വം അനുവദിച്ചു ഉത്തരവിറങ്ങുന്ന മാസം വരെയുള്ള കുടിശിക, സ്ഥിരപ്പെട്ടതിനു തൊട്ടടുത്ത മാസം മുതൽ മേഖലാ/ജില്ലാ ഓഫീസിൽ അപേക്ഷ നൽകിയ മാസം വരെയുള്ള തുകയ്ക്കു പിഴപ്പലിശ എന്നിവ കൃത്യമായി കണക്കാക്കണം എന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(c):- സ്ഥിരപ്പെട്ടു മാസങ്ങളോ വർഷങ്ങളോ കഴിഞ്ഞിട്ട് അംഗത്വ അപേക്ഷ നൽകുന്നവരിൽ നിന്ന്,

അവർ സ്ഥിരപ്പെട്ട മാസം മുതലുള്ള കുടിശിക തുക കൂടാതെ, സ്ഥിരപ്പെട്ടതിനു തൊട്ടടുത്ത മാസം മുതൽ മേഖലാ/ജില്ലാ ഓഫീസിൽ അപേക്ഷ നൽകിയ മാസം വരെയുള്ള തുകയ്ക്ക് 15% പിഴപ്പലിശയും ഈടാക്കുന്നതിന് വ്യവസ്ഥ കൊണ്ടുവരുന്നത് ഉചിതമായിരിക്കും. എന്നാൽ സ്ഥിരപ്പെട്ട മാസം തന്നെ അപേക്ഷ നല്കിയവരിൽ നിന്ന് കുടിശിക തുക മാത്രം ഈടാക്കിയാൽ മതിയാകും എന്നും വ്യവസ്ഥ ചെയ്യാവുന്നതാണ്.

(d):- അംഗത്വം അനുവദിച്ച ഉത്തരവ് ഇറങ്ങുന്ന മാസത്തിനു തൊട്ടടുത്ത മാസത്തെ അംശദായം കൂടി ആദ്യത്തെ തവണയിൽ ഉൾപ്പെടുത്താനും വ്യവസ്ഥ കൊണ്ടുവരാം.

(e):- ആദ്യതവണത്തെ ആകെ തുക, അംഗത്വം അനുവദിച്ചുത്തരവിറങ്ങുന്നതിനു തൊട്ടടുത്ത മാസം 10നകം ഒറ്റത്തവണയായി അടയ്ക്കണം എന്ന് നിഷ്കർഷിക്കാവുന്നതാണ്.

(f):- അംഗത്വനമ്പർ നൽകുന്നതിന് നിശ്ചിത പാറ്റേൺ കൊണ്ടുവരാവുന്നതാണ്. ജേണലിസ്റ്റോ നോൺ ജേണലിസ്റ്റോ എന്ന സൂചന-നമ്പർ/സ്ഥിരപ്പെട്ട മാസം/സ്ഥിരപ്പെട്ട വർഷം എന്നിങ്ങനെയാകാം പാറ്റേൺ. നമ്പർ ഇടതടവില്ലാതെ തുടർച്ചയായി നൽകുന്നത് ഉചിതം.

ഉദാ:- JP-56/5/2019, JP-57/4/2020, JP-58/8/2020..........

NJP-376/6/2020, NJP-377/10/2020, NJP-378/2/2021.......

(g):- അംഗത്വം അനുവദിക്കുന്നത് കത്ത് എന്ന നിലയിൽ മതിയോ, അതോ അതിന് നടപടിക്രമം ആവശ്യമാണോ എന്ന വിഷയത്തിൽവ്യക്തത വരുത്തുന്നതിനും അംഗത്വരേഖ നൽകുന്നതിനും ഡി പി ആറിനെ ചുമതലപ്പെടുത്തി.

(h):- 'അംഗത്വ രേഖ' ഇപ്രകാരം ആകാം:

**കേരള സർക്കാർ**

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

പത്രപ്രവർത്തകേതര ജീവനക്കാരുടെ (നോൺ ജേർണലിസ്റ്റ്) പെൻഷൻ പദ്ധതി

**<u>അംഗത്വ രേഖ</u>**

**(Membership Document)**

ഫയൽ നമ്പർ : ഉത്തരവിന്റെ തീയതി:

| ക്രമ നമ്പർ | വിശദവിവരം | |
|---|---|---|
| 1 | അംഗത്വ നമ്പർ, അംഗത്വം തുടങ്ങുന്ന മാസം, വർഷം ( സ്ഥിരപ്പെട്ട തീയതി അടിസ്ഥാനമാക്കി) | (Pattern: നോൺ ജേർണലിസ്റ്റ് എന്ന സൂചന – അംഗത്വ നമ്പർ/ സ്ഥിരപ്പെട്ട മാസം/ സ്ഥിരപ്പെട്ട വർഷം Eg: NJP-376/6/2021) |

| | | |
|---|---|---|
| 2 | അംഗത്തിന്റെ പേര് | മലയാളം<br><br>ഇംഗ്ലീഷ് |
| 3 | തസ്തിക | |
| 4 | സ്ഥാപനം, ഓഫീസ് വിലാസം | |
| 5 | നിലവിൽ ജോലി ചെയ്യുന്ന ജില്ല | |
| 6 | സ്ഥിരമായ വീട്ടുവിലാസം | |
| 7 | ഫോൺ നമ്പർ | ഓഫീസ്: വീട്:<br><br>മൊബൈൽ: |
| 8 | നോമിനിയുടെ പേര് | മലയാളം :<br><br>ഇംഗ്ലീഷ് : |
| 9 | നോമിനിയുമായുള്ള അപേക്ഷകന്റെ ബന്ധം | അച്ഛൻ/അമ്മ/ഭർത്താവ്/<br>ഭാര്യ/മകൻ/മകൾ/ബന്ധു/സഹായി |
| 10 | ആദ്യതവണയ്ക്ക് ശേഷം പ്രതിമാസ അംശദായം ജില്ലാ/ മേഖലാ ഓഫീസിൽ അല്ലെങ്കിൽ ഓൺലൈൻ ആയി അടയ്ക്കേണ്ട അവസാന തീയതി | എല്ലാ മാസവും 10-ാം തീയതി (-------) |
| 11 | പ്രതിമാസം അടയ്ക്കേണ്ട അംശദായം (A) | --------- രൂപ ( കാലാകാലങ്ങളിൽ വ്യത്യാസപ്പെടാം) |
| 12 | കുടിശ്ശിക തുക (B) (സ്ഥിരപ്പെട്ട മാസം മുതൽ അംഗത്വ ഉത്തരവിറങ്ങിയ മാസം വരെ) | |
| 13 | പിഴപ്പലിശ (15%) (C) ( സ്ഥിരപ്പെട്ടതിനു തൊട്ടടുത്ത മാസം മുതൽ ജില്ലാ/ മേഖലാ ഓഫീസിൽ അല്ലെങ്കിൽ ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ച മാസം വരെയുള്ള കാലയളവിലേക്ക്) | |
| 14 | ആദ്യതവണ അടയ്ക്കേണ്ട ആകെ തുക (A+B+C) (അംഗത്വ ഉത്തരവിറങ്ങിയതിനു ശേഷമുള്ള മാസം വരെ) | |
| 15 | ആദ്യതവണ, ആകെ തുക അടയ്ക്കേണ്ട അവസാന തീയതി | അംഗത്വ ഉത്തരവ് ഇറങ്ങിയ മാസത്തിനു തൊട്ടടുത്ത മാസം 10-നകം (ഒറ്റത്തവണയായി) |

(ബാധകമല്ലാത്തതു വെട്ടിക്കളയുക; അല്ലെങ്കിൽ ബാധകമല്ല എന്ന് ചേർക്കുക)

സ്ഥലം: ഒപ്പ് :

തീയതി: പേര് :

ഓഫീസ് മുദ്ര ഡയറക്ടർ/ അഡീ. ഡയറക്ടർ

<u>അനുബന്ധം 3</u>

<u>പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച്</u>

| നം. | പേരും മേൽവിലാസവും | അഭിപ്രായം |
|---|---|---|
| 1) | ശ്രീ. പി.ആർ. വേണുഗോപാൽ<br>കൊച്ചുപൈറ്റാട്ട് ഹൗസ്,<br>പാഴൂർ ഈസ്റ്റ്,<br>പിറവം.പി.ഒ.,<br>എറണാകുളം- 686664. | 'മാതൃഭൂമി' ദിനപത്രത്തിലെ ഹെൽപ്പർ തസ്തികയിൽ നിന്നു 25 വർഷത്തെ സേവനത്തിനു ശേഷം 01.04.2018-ൽ (58 വയസ്) മെഡിക്കൽ ഗ്രൗണ്ടിൽ സ്വയം വിരമിച്ച ടിയാൻ അപേക്ഷയോടൊപ്പം ആശുപത്രിയിൽ നിന്നുള്ള ഒ.പി. ടിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത്. ഇത് മെഡിക്കൽ സർട്ടിഫിക്കറ്റായി പരിഗണിക്കുവാൻ നിർവ്വാഹമില്ല. ടിയാന് പെൻഷൻ അനുവദിക്കുന്ന കാര്യം ചർച്ച ചെയ്തു.<br><br>**തീരുമാനം :**<br>സ്വയം വിരമിച്ചവർക്ക് പെൻഷൻ നൽകാൻ വ്യവസ്ഥയില്ല. സർക്കാർ നിശ്ചയിച്ച പെൻഷൻ പ്രായത്തിനു (നിലവിൽ 58 വയസ്) ശേഷം സ്വയം വിരമിക്കുന്ന അംഗങ്ങൾക്ക് തൊഴിൽ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള മറ്റ് രേഖകൾ പൂർണമാണെങ്കിൽ ഫുൾ പെൻഷൻ നൽകാവുന്നതാണ്; വിരമിച്ചതു മെഡിക്കൽ ഗ്രൗണ്ടിൽ ആണോ എന്നത് പരിഗണിക്കേണ്ട. അവർ ജോലിയിൽ സ്ഥിരപ്പെട്ടതും അംഗത്വം പ്രാബല്യത്തിൽ വന്നതുമായ മാസം മുതൽ പെൻഷൻ പ്രായം (58 വയസ്) വരെ കൃത്യമായും ക്രമമായും അംശദായം അടച്ചിരിക്കണം.<br><br>10 വർഷത്തിൽ കൂടുതൽ സർവീസ് ഉള്ളവർ 10 വർഷത്തെ അംശദായം മാത്രം അടച്ചാൽ പോരാ. ഇത് പൊതുവായ തീരുമാനമായി ശുപാർശ ചെയ്യുന്നു. |

| | | |
|---|---|---|
| 2) | ശ്രീ. രാധാകൃഷ്ണപിള്ള. കെ<br><br>ശ്രീലകം,<br><br>പി.എച്ച്.സിക്ക് സമീപം,<br>ചെറിയനാട്.പി.ഒ., ആലപ്പുഴ-689511 | 'ന്യൂ ഇന്ത്യൻ എക്സ്പ്രസ്' ദിനപത്രത്തിലെ സ്റ്റോർസ് ഓഫീസർ തസ്തികയിൽ നിന്ന് 11.05.2016-ൽ സർവീസിൽ നിന്നു പിരിഞ്ഞ ശ്രീ രാധാകൃഷ്ണപിള്ള.കെ പെൻഷൻ പദ്ധതിയിൽ 25305/-രൂപ അടവാക്കിയിട്ടുണ്ട്. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും ടിയാന് റിട്ടയർ ചെയ്യുന്ന സമയത്ത് 55 വയസ് തികഞ്ഞതായി കാണുന്നു. ഹാജരാക്കിയ എംപ്ലോയ്മെന്റ് സർ ട്ടിഫിക്കറ്റിൽ 2 5 വർഷത്തോളം ജോലി നോക്കിയിട്ടുള്ളതായി കാണുന്നു. എന്നാൽ ഹാജരാക്കിയ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റിൽ "date of leaving service" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് മെഡിക്കൽ ഗ്രൗണ്ടിലാണോ എന്നത് വ്യക്തമാക്കിയിട്ടില്ല. ഹാജരാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ് (അസുഖം Hyper tension) പരിഗണിച്ച് ടിയാന് പത്രപ്രവർത്തകേതര പെൻഷൻ അനുവദിക്കാമോ എന്നതിൻമേൽ ചർച്ച ചെയ്തു.<br><br><br>**<u>തീരുമാനം :</u>**<br><br>ജോലിയിൽ തുടരാൻ കഴിയാത്ത വിധം ആരോഗ്യം ഇല്ലെന്ന് തെളിയിക്കുന്നതും സിവിൽ സർജൻ റാങ്കിൽ കുറയാത്ത ഡോക്ടർ നൽകിയതുമായ മെഡിക്കൽ സർ ട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന പക്ഷം, തൊഴിൽ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള മറ്റ് രേഖകൾ പൂർണമാണെങ്കിൽ 50% പെൻഷൻ അനുവദിക്കാം എന്ന് പൊതുവായ തീരുമാനമായി ശുപാർശ ചെയ്യുന്നു.<br><br>ചട്ടം, 2021 മെയ് 4 ലെ സ.ഉ (സാധാ) നം. 73/2021/ഐ & പി ആർ ഉത്തരവ്, ഈ യോഗതീരുമാനം പ്രകാരം ഏർപ്പെടുത്തുന്ന പ്രസക്ത വ്യവസ്ഥകൾ എന്നിവ പ്രകാരം പെൻഷന് ആവശ്യമായ രേഖകൾ ഉണ്ടോ എന്നും പരിശോധിച്ച് അർഹത ഉണ്ടെങ്കിൽ ശുപാർശ ചെയ്യണം. അജണ്ട 1 തീരുമാനപ്രകാരം അംഗത്വത്തിന് പ്രാബല്യം ഉള്ള മാസം മുതൽ കൃത്യമായും ക്രമമായും അംശദായം അടച്ചിട്ടുണ്ടോ എന്നും പരിശോധിക്കണം. അംശദായം അടയ്ക്കാൻ ബാക്കിയുണ്ടെങ്കിൽ അടയ്ക്കാനും നിർദ്ദേശിക്കാവുന്നതാണ്. 10 വർഷത്തിൽ കൂടുതൽ സർവീസ് ഉള്ളവർ 10 വർഷത്തെ അംശദായം മാത്രം അടച്ചാൽ പോരാ.<br><br>മറ്റു നിബന്ധനകൾ/ഇളവുകൾ പൂർണമായ ചട്ടം ഭേദഗതിയിൽ പരിഗണിയ്ക്കാം. |

| | | |
|---|---|---|
| 3) | ശ്രീമതി എ.ടി. രാധ<br><br>കോലോത്ത് ഹൗസ്,<br>ചക്കാമുക്ക്, പൂങ്കുന്നം, തൃശ്ശൂർ-680002. | 'ദേശാഭിമാനി'യിലെ സെയിൽസ് ഓഫീസർ തസ്തികയിൽ നിന്ന് 01.05.2011-ൽ വിരമിച്ച ടിയാരിയ്ക്ക് റിട്ടയർ ചെയ്യുന്ന സമയത്ത് 6 2 വയസ് തികഞ്ഞതായി കാണുന്നു. ഹാജരാക്കിയ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് പ്രകാരം 8 വർഷത്തോളം ജോലി നോക്കിയിട്ടുള്ളതായി കാണുന്നു. 2012 മെയ് വരെ 12,000/- രൂപ അംശദായം ഒടുക്കിയിട്ടുള്ളതായും കാണുന്നു. നിലവിൽ 71 വയസുള്ള ടിയാരി ശാരീരിക അവശതകൾ കാരണം പ്രയാസം നേരിടുന്നതായി കാണിച്ചുകൊണ്ട് മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.<br><br>മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ ഉണ്ടോ എന്നും അംശദായം പൂർണ്ണമായും അടച്ചോ എന്നും പരിശോധിക്കണം. നിശ്ചിത മെഡിക്കൽ സർട്ടിഫിക്കറ്റ്, ചട്ടം, ബന്ധപ്പെട്ട ഉത്തരവ് എന്നിവ പ്രകാരമുള്ള രേഖകൾ ഉണ്ടെങ്കിൽ ചട്ടം 4(2) പ്രകാരം മാനുഷിക പരിഗണന നൽകി 50% പെൻഷൻ നൽകാം. |
| 4) | ശ്രീ. പി. ചന്ദ്രൻ<br>അമലാമ്യതം,<br>കോട്ടയം മലബാർ.പി.ഒ.,<br>കുത്തുപറമ്പ് (വഴി), കണ്ണൂർ-670643 | 'മാതൃഭൂമി' ദിനപത്രത്തിലെ സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ നിന്ന് വിരമിച്ച ടിയാന് 10 വർഷത്തെ സേവനം പൂർത്തീകരിക്കാൻ 2 5 ദിവസത്തെ കുറവ് കാണുന്നു. ചട്ടം, ബന്ധപ്പെട്ട ഉത്തരവ് എന്നിവ പ്രകാരമുള്ള രേഖകൾ ഉണ്ടെങ്കിൽ ടിയാന് 50% പെൻഷൻ അനുവദിക്കാം എന്ന് തീരുമാനിച്ചു. മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ ഉണ്ടോ എന്നും അംശദായം പൂർണ്ണമായും അടച്ചോ എന്നും പരിശോധിക്കണം. |
| 5) | ശ്രീ. ശോഭനൻ.എസ്.<br><br>ലക്ഷ്മി വിലാസം<br><br>ചേകം, പത്തനാപുരം.പി.ഒ.<br>689695 | 'ന്യൂ ഇന്ത്യൻ എക്സ്പ്രസ്' പത്രസ്ഥാപനത്തിലെ ടിയാൻ ഉൾ പ്പെടെയുള്ള 2 4 ജീവനക്കാർ ക്ക് 25.04.2014 മുതൽ തങ്ങളുടേതായ കാരണത്താലല്ലാതെ ജോലി നിഷേധിക്കപ്പെട്ടു എന്നാണ് ടിയാൻ വിശദീകരണം രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ് അടച്ചുപൂട്ടിയതിനാലാണ് ജോലിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത് എന്നാണ് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 15.05.2018-ൽ ടിയാന് 5 8 വയസ് പൂർത്തിയായതു മുതൽ പെൻഷൻ അനുവദിച്ചു നൽകണമെന്നാണ് ടിയാൻ അപേക്ഷിച്ചിരിക്കുന്നത്. ടിയാന് പെൻഷൻ അനുവദിക്കുന്ന കാര്യം ചർച്ച ചെയ്തു.<br><br>**തീരുമാനം :**<br><br>ഓരോരുത്തരും ചട്ടം, ബന്ധപ്പെട്ട ഉത്തരവ് എന്നിവ പ്രകാരം അർഹനാണോ എന്ന് പരിശോധിക്കണം. അംശദായം കൃത്യമായി അടച്ചോ എന്നും എത്ര വർഷം സർവ്വീസ് ഉണ്ടെന്നും നോക്കണം. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ വ്യക്തമായ റിപ്പോർട്ട് നൽകണം. |

| | | |
|---|---|---|
| 6) | ശ്രീമതി ഹിൽഡ ഹരീഷ്<br><br>എസ്.ആർ.എ-20,<br><br>സമിതി റോഡ് -47, വടുതല, കൊച്ചി -682023 | 'ദി ഹിന്ദു' ദിനപത്രത്തിലെ ടെലിഫോൺ ഓപ്പറേറ്റർ തസ്തികയിൽ നിന്ന് 31-05-2018-ൽ വിരമിച്ച ടിയാരിക്ക് പത്രപ്രവർത്തകേതര പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അംശദായം അടച്ച പാസ്ബുക്കുകളുടെ ജില്ലാ ഇൻ ഫർ മേഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കുന്നതിനും, ശേഷിക്കുന്ന 5 8 മാസത്തെ അംശദായ തുകയിൽ ബാക്കി അടയ്ക്കാനുള്ള തുക കൂടി അടയ്ക്കാൻ നിർദ്ദേശം നൽകാവുന്നതാണോ എന്നും ചർച്ച ചെയ്തു. വിവിധ അപേക്ഷകൾ പരിശോധിച്ചതിൽ, ദി ഹിന്ദു മാനേജ്മെന്റ് സർക്കാർ ഉത്തരവ് / വകുപ്പിന്റെ സർക്കുലർ പ്രകാരമുള്ള തൊഴിൽ സർട്ടിഫിക്കറ്റ് നൽകുന്നതേയില്ല എന്ന് കാണുന്നു. ചില അപേക്ഷകർ മാനേജ്മെന്റിന്റെ അപൂർണമായ സർട്ടിഫിക്കറ്റിനൊപ്പം, കേരളത്തിലെ റസിഡന്റ് എഡിറ്റർ നൽകുന്നതും സർക്കുലറിൽ നിഷ്കർഷിച്ച വിവരങ്ങൾ ഉള്ളതുമായ തൊഴിൽ സർട്ടിഫിക്കറ്റ് കൂടി നൽകുന്നുണ്ട്. ചട്ടപ്രകാരം, സ്ഥാപനം/ജീവനക്കാരുടെ സംഘടന നൽകുന്ന തൊഴിൽ സർട്ടിഫിക്കറ്റ് സ്വീകരിക്കാം. എന്നാൽ സംഘടന നൽകുന്ന തൊഴിൽ സർ ട്ടിഫിക്കറ്റിൽ (ചട്ടത്തിലെ അനുബന്ധം 3 ) സ്ഥിരപ്പെടുത്തിയ തീയതിയോ അത് സംബന്ധിച്ച മറ്റു വിവരങ്ങളോ ലഭ്യമല്ല. ഈ സാഹചര്യത്തിൽ കേരളത്തിന് പുറത്തു ആസ്ഥാനമുള്ള മാധ്യമസ്ഥാപനങ്ങൾ, മേൽപ്പറഞ്ഞ ഉത്തരവ് /സർക്കുലർ പ്രകാരം തൊഴിൽ സർട്ടിഫിക്കറ്റ് നൽകേണ്ടതുണ്ടോ അതോ നിലവിൽ മാനേജ്മന്റ് നൽകുന്ന സർട്ടിഫിക്കറ്റിനൊപ്പം എംപ്ലോയിയെ സ്ഥിരപ്പെടുത്തിയ ഉത്തരവ്/കേരളത്തിലെ ഹെഡ് നൽകുന്നതും സർക്കുലർ പ്രകാരമുള്ളതുമായ സർട്ടിഫിക്കറ്റ് കൂടി നൽകിയാൽ മതിയോ എന്നും ചർച്ച ചെയ്തു.<br><br><u>**തീരുമാനം :**</u><br><br>സ.ഉ(സാധാ) 73/2021/ഐ&പി.ആർ തീയതി 04.05.2021 പ്രകാരമുള്ള എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽ സ്ഥാപനമാനേജ്മെന്റ് നൽ കുന്നതും അപൂർണവുമായ സർട്ടിഫിക്കറ്റിനൊപ്പം കേരളത്തിലെ HR ഹെഡ്/നിയമനാധികാരി നൽകുന്ന പൂർ ണമായ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കണം. സർക്കാർ നിശ്ചയിച്ച വിവരങ്ങൾ ഉറപ്പാക്കി സമർപ്പിക്കുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്. ഇത് പ്രസക്ത മാധ്യമങ്ങൾക്കു ബാധകമായ പൊതുവായ തീരുമാനം ആക്കാവുന്നതാണ്. |

| | | |
|---|---|---|
| 7 | ശ്രീ എം പുഷ്പരാജൻ<br><br>ദേവാർച്ചന, പട്ടേരിപ്പറമ്പ, കുതിരവട്ടം പി ഒ,<br><br>കോഴിക്കോട് -16 | 'മാതൃഭൂമി'യിലെ അറ്റൻഡർ തസ്തികയിൽ നിന്ന് 02.09.2019-ൽ ആരോഗ്യപരമായ കാരണങ്ങളാൽ സ്വയം വിരമിച്ച അപേക്ഷകന്റെ ജനനത്തീയതി 21.04.1961 ആണ്. വിരമിച്ചത് ആരോഗ്യപരമായ കാരണങ്ങളാലും, 58 വയസ് പൂർത്തിയായതിന് ശേഷവും ആയതിനാൽ, ഇദ്ദേഹത്തിന് വിരമിച്ചതിന്റെ അടുത്ത മാസം മുതൽ പൂർണ്ണമായ പെൻഷൻ തന്നെ അനുവദിക്കാമോ എന്ന വിഷയം ചർച്ച ചെയ്തു.<br><br>**<u>തീരുമാനം :</u>**<br><br>സ്വയം വിരമിച്ചവർക്ക് പെൻഷൻ നൽകാൻ വ്യവസ്ഥയില്ല. എന്നാൽ ഇദ്ദേഹം വിരമിച്ചത് സർക്കാർ നിശ്ചയിച്ച പെൻഷൻ പ്രായമായ 58 വയസിനു ശേഷമായതിനാൽ മറ്റു രേഖകൾ പ്രകാരം അർഹനെങ്കിൽ പൂർണ പെൻഷൻ നൽകാമെന്നു ശുപാർശ ചെയ്യുന്നു. അനുബന്ധം 3(1) ലെ പ്രസക്തതീരുമാനം കൂടി പരിഗണിക്കാവുന്നതാണ് . |
| 8 | ശ്രീമതി അച്ചാമ്മ. റ്റി.സി., കുന്നേൽ വീട്, കൊച്ചുവേലിക്കുന്ന്, മുട്ടമ്പലം. പി.ഒ., കോട്ടയം. | 'മംഗളം' പത്രസ്ഥാപനത്തിലെ ജൂനിയർ ക്ലാർക്കായിരുന്ന അപേക്ഷക ആരോഗ്യപരമായ കാരണങ്ങളാൽ 50-ാം വയസിൽ (10.09.2009-ൽ) വിരമിച്ചു. മംഗളത്തിലെ വിരമിക്കൽ പ്രായം 55 വയസാണ്. ഈ സാഹചര്യത്തിൽ അപേക്ഷകയ്ക്ക് എന്നു മുതൽ, ഏത് പെൻഷൻ അനുവദിക്കണമെന്ന വിഷയം ചർച്ച ചെയ്തു.<br><br>**<u>തീരുമാനം :</u>**<br><br>ജോലിയിൽ തുടരാൻ കഴിയാത്ത വിധം ആരോഗ്യം ഇല്ലെന്ന് തെളിയിക്കുന്നതും സിവിൽ സർജൻ റാങ്കിൽ കുറയാത്ത ഡോക്ടർ നൽകിയതുമായ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് ആയതിന്റെ അടിസ്ഥാനത്തിൽ മറ്റു രേഖകൾ പ്രകാരം അർഹയെങ്കിൽ ടിയാരിക്ക് വിരമിച്ച തീയതിക്ക് തൊട്ടടുത്ത മാസം മുതൽ 50% പെൻഷൻ അനുവദിക്കാം. |

**<u>അനുബന്ധം 4</u>**

**<u>അംഗത്വം അനുവദിക്കുന്നത് സംബന്ധിച്ച്</u>**

| നം. | പേരും മേൽവിലാസവും | അഭിപ്രായം |
|---|---|---|

| | | |
|---|---|---|
| 1) | ശ്രീ. ജോയ് ജോസഫ്<br><br>തുളുശ്ശേരിൽ ഹൗസ്,<br><br>മുട്ടചിറ. പി.ഒ.,<br><br>കോട്ടയം - 686613. | പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംഗത്വം അനുവദിക്കുന്നത്ിനാണ് ശ്രീ ജോയ് ജോസഫ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. എം.എം. പബ്ലിക്കേഷന്സിൽ ക്ലറിക്കൽ തസ്തികയിൽ ജോലി ചെയ്തിരുന്ന ടിയാന് ചട്ടപ്രകാരം പെൻഷന് അർഹതയില്ല. 4-2-2000-ലെ സ.ഉ.(പി)നം.2/2000/പി.ആറിലെ ചട്ടം 16 പ്രകാരം പെൻഷൻ അനുവദിക്കുന്നതിനുള്ള അപേക്ഷ നിരസിക്കുന്നതിനുള്ള അധികാരം ഭരണസമിതിയിൽ നിക്ഷിപ്തമാണ്. ആയതിനാൽ ടിയാന്റെ അപേക്ഷ ചർച്ച ചെയ്തു.<br><br>**<u>തീരുമാനം :</u>**<br><br>എം എം പബ്ലിക്കേഷൻസ് ചട്ടപ്രകാരമുള്ള പത്രസ്ഥാപനം അല്ല. ആനുകാലികങ്ങൾ പ്രസിദ്ധീകരിക്കുന്ന സ്ഥാപനം ആണ്. അവ വാർത്താസംബന്ധിയായ ആനുകാലികങ്ങൾ അല്ല. ആയതിനാൽ അപേക്ഷ നിരസിക്കാവുന്നതാണ്. |
| 2 | ശ്രീ. മുരളീധരൻ. പി.റ്റി.,<br>പുളിക്കത്തറ വീട്, വിയ്യൂർ,<br>തൃശ്ശൂർ-680010 | പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിനായി 'മംഗളം' പത്രത്തിലെ ക്ലാർക്കായ ശ്രീ മുരളീധരൻ പി.റ്റി. അപേക്ഷയോടൊപ്പം സമർപ്പിച്ച എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റിൽ ഒപ്പു വച്ചിരിക്കുന്നത് ചീഫ് എഡിറ്ററാണ്. ഇത് അംഗത്വത്തിന് പരിഗണിക്കാമോ എന്നതിൽ ചർച്ച ചെയ്തു.<br><br>**<u>തീരുമാനം :</u>**<br><br>അംഗത്വം നൽകാവുന്നതാണ്. സ്ഥാപനത്തിലെ ചീഫ് എഡിറ്റർ/എഡിറ്റർ നിയമനാധികാരി കൂടിയാണെങ്കിൽ അദ്ദേഹം നൽകുന്ന നിശ്ചിത മാതൃകയിലുള്ള തൊഴിൽ സർട്ടിഫിക്കറ്റ് സ്വീകരിക്കാവുന്നതാണ്. ഇത് പൊതുവായ തീരുമാനം ആക്കാവുന്നതാണ്. |

| | | |
|---|---|---|
| 3 | ശ്രീ രാജൻ പി<br><br>കടിയപട്ടണം ഹൗസ്,<br>മണക്കാട് പി.ഒ.,<br>തിരുവനന്തപുരം<br><br>(അസിസ്റ്റന്റ് മാനേജർ ജനയുഗം) | ചട്ടം 9(1) പ്രകാരം "ഒരംഗം ജോലിയിൽ പ്രവേശിച്ച തീയതി മുതൽ അംശദായം അടയ്ക്കേണ്ടതാണ്" എന്നാണ്. അപേക്ഷകൻ സമർപ്പിച്ച തൊഴിൽ സർട്ടിഫിക്കറ്റ് പ്രകാരം ജോലിയിൽ പ്രവേശിച്ച തീയതി 25.05.2012-ഉം സ്ഥിരപ്പെടുത്തിയ തീയതി 01.07.2018ഉം ആണ്.<br><br>**തീരുമാനം :**<br><br>മറ്റ് രേഖകൾ പ്രകാരം അർഹനെങ്കിൽ സ്ഥാപനത്തിൽ വേജ് ബോർഡ് നടപ്പിലാക്കിയതിനു ശേഷം ടിയാളെ സ്ഥിരപ്പെടുത്തിയ തീയതിയായ 01.07.2018 മുതൽ അംഗത്വം അനുവദിക്കാൻ തീരുമാനിച്ചു. |

## അനുബന്ധം 5

## പത്രപ്രവർത്തകേതര പെൻഷൻ സാധൂകരണം.

ചുവടെ പറയുന്നവർക്ക് ചട്ടപ്രകാരം പത്രപ്രവർത്തകേതര പെൻഷൻ അനുവദിച്ച നടപടി സാധൂകരിക്കുന്നു.

1. ശ്രീ. കെ. രമേശ് ബാബു, പേപ്പർമാൻ, മലയാള മനോരമ
2. ശ്രീ. പി. രാമഭദ്രൻ, ഫിലിം ഇമ്പോസിറ്റർ, കേരളകൗമുദി
3. ശ്രീ. വി.എസ്. വിജയകുമാർ, സീനിയർ ക്ലാർക്ക്, ദേശാഭിമാനി
4. ശ്രീ. സി.ആർ. ജോതി പ്രസാദ്, അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ, മാതൃഭൂമി
5. ശ്രീ. വി.പി. ജോയി വടക്കേടത്ത്, ഓഫീസർ, മലയാള മനോരമ
6. ശ്രീ. മുഹമ്മദ് അഷറഫ്, ജനറൽ മാനേജർ, മലയാള മനോരമ
7. ശ്രീ. പി.വി. കുര്യന് പുത്തൻപുരയ്ക്കൽ, പാക്കർ, മലയാള മനോരമ
8. ശ്രീമതി കെ.പി. സന്ധ്യാദേവി, ക്ലാർക്ക്, മംഗളം
9. ശ്രീ. കെ.പി. മുഹമ്മദ് അഷ്റഫ് , സെക്യൂരിറ്റി ഗാർഡ്, മാധ്യമം
10. ശ്രീ. പി.റ്റി. ആലി, കുക്ക്, തേജസ്
11. ശ്രീമതി എൻ.വി. എലിസബത്ത്, ക്ലാർക്ക്, മംഗളം
12. ശ്രീ. ഡി. മോഹനദാസ്, ജൂനിയർ ക്ലാർക്ക്, ന്യൂ ഇന്ത്യൻ എക്സ്പ്രസ്
13. ശ്രീ. പി.വി. അനൂപ് കുമാർ, സർക്കുലേഷൻ മാനേജർ, മലയാള മനോരമ
14. ശ്രീ. പി. രതകുമാർ, കമ്പോസിറ്റർ, മലയാള മനോരമ
15. ശ്രീ. കെ.സി. ശ്രീകുമാർ, ഡെലിവറി പ്യൂൺ, മലയാള മനോരമ
16. ശ്രീ. കെ.ആർ. ശിവപ്രസാദ്, ക്ലാർക്ക്, യു.എൻ.ഐ
17. ശ്രീമതി ശോഭ ആർ. പ്രഭു, അക്കൗണ്ട്സ് ഓഫീസർ, ന്യൂ ഇന്ത്യൻ എക്സ്പ്രസ്
18. ശ്രീ. ജേക്കബ് ജെയിൻ, മെഷീൻമാൻ, മലയാള മനോരമ

19. ശ്രീ. കെ. പത്മരാജൻ, സെമി ക്ലാർക്ക്, ന്യൂ ഇന്ത്യൻ എക്സ്പ്രസ്

20. ശ്രീ. എം. ദേവദാസൻ, സീനിയർ മാനേജർ (സർക്കുലേഷൻ), മാതൃഭൂമി
21. ശ്രീമതി ആർ. ഗീത, ഡി.റ്റി.പി. ഓപ്പറേറ്റർ, കേരളകൗമുദി
22. ശ്രീ. എം.പി. ധർമ്മരാജൻ, ഹെൽപ്പർ , മാതൃഭൂമി
23. ശ്രീ. എം.എ. അഹമ്മദ് കുഞ്ഞ്, കമ്പോസിറ്റർ, മലയാള മനോരമ
24. ശ്രീമതി വത്സമ്മ ജോസ്, സീനിയർ ഇ.കെ.ബി ഓപ്പറേറ്റർ, ദേശാഭിമാനി
25. ശ്രീ. കെ.പി. ബാലകൃഷ്ണന്, സീനിയർ അസിസ്റ്റന്റ്, മാതൃഭൂമി
26. ശ്രീ. കെ. രമേശൻ, ഹെൽപ്പർ, മംഗളം
27. ശ്രീ. സി.ആർ. ശ്രീധരൻ, ജൂനിയർ ക്ലാർക്ക്, മംഗളം
28. ശ്രീ. ഒ.പി.വർഗീസ്, സർക്കുലേഷൻ സൂപ്പർവൈസർ, മലയാള മനോരമ
29. ശ്രീമതി എ.വി. ഭാർഗവി, സർക്കുലേഷൻ-ഇൻ-ചാർജ്, ജന്മഭൂമി
30. ശ്രീ. റ്റി.സി. ജയരാജൻ, പേപ്പർമാൻ, മലയാള മനോരമ

## അനുബന്ധം - 6
## 50% പത്രപ്രവർത്തകേതര പെൻഷൻ സാധൂകരണം.

ചുവടെ പറയുന്നവർക്ക് ചട്ടപ്രകാരം 50 % പത്രപ്രവർത്തകേതര പെൻഷൻ അനുവദിച്ച നടപടി സാധൂകരിക്കുന്നു.

1. ശ്രീ. കെ.കെ. സതീഷ് കുമാർ, അസിസ്റ്റന്റ് മെഷീൻമാൻ, മാതൃഭൂമി
2. ശ്രീമതി ബെസ്സി എബ്രഹാം, ജൂനിയർ ക്ലാർക്ക്, മംഗളം
3. ശ്രീ. ആർ. രാജന്, അസിസ്റ്റന്റ് അക്കൗണ്ടന്റ്, കേരളകൗമുദി

## അനുബന്ധം -7

## പത്രപ്രവർത്തകേതര ആശ്രിത പെൻഷൻ സാധൂകരണം

ചുവടെ പറയുന്നവർക്ക് ചട്ടപ്രകാരം പത്രപ്രവർത്തകേതര ആശ്രിത പെൻഷൻ അനുവദിച്ച നടപടി സാധൂകരിക്കുന്നു.

1. ശ്രീമതി സാലമ്മ ചാക്കോ, W/o Late സാജു പോൾ
2. ശ്രീമതി സുബൈദാ താജുദീൻ, W/o Late കെ.എം. താജുദ്ദീൻ
3. ശ്രീമതി വി.പി. തിലോത്തമ, W/o Late ആർ. ബാലൻ
4. ശ്രീമതി പി. കെ. രമണി, W/o Late എ. ബാലകൃഷ്ണൻ
5. ശ്രീമതി കെ.കെ. മീരാബെൻ, W/o Late ടി.ആർ. തമ്പി
6. ശ്രീമതി വിജയകുമാരി, W/o Late ടി. രാമചന്ദ്രൻ
7. ശ്രീമതി അന്നക്കുട്ടി, W/o Late എം.യു. വർഗീസ്
8. ശ്രീമതി ഐ. ശ്യാമള, W/o Late വി. ഗിരീശൻ
9. ശ്രീമതി റ്റി.പി. വസന്തകുമാരി, W/o Late യു.വി. രാജൻ
10. ശ്രീമതി സെലിൻ ആന്റണി, W/o Late ഇ.കെ. ഉലഹന്നാൻ

11. ശ്രീമതി അന്നാരാജം, W/o Late എം ആന്റണിമുത്തു
12. ശ്രീമതി സൂസി സണ്ണി, W/o Late എബ്രഹാം സണ്ണി

<u>അനുബന്ധം -8</u>

<u>**ഐ&പി.ആർ വകുപ്പ് ഡയറക്ടർ ശ്രീ യു.വി. ജോസിന്റെ അദ്ധ്യക്ഷതയിൽ 26.08.2019-ൽ ചേർന്ന പത്രപ്രവർത്തകേതര പെൻഷൻ ഉപസമിതി യോഗത്തിന്റെ നടപടി കുറിപ്പുകൾ**</u>

യോഗം 11.15 am-ന് ആരംഭിച്ചു.

യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ശ്രീ. കെ. സന്തോഷ് കുമാർ, അഡീഷണൽ ഡയറക്ടർ, ഐ&പി.ആർ.ഡി
2) ശ്രീമതി മേരി ലാലി. സി.വൈ, ഡെപ്യൂട്ടി സെക്രട്ടറി
3) ശ്രീ. കെ.എം. അയ്യപ്പൻ, ഡെപ്യൂട്ടി ഡയറക്ടർ, ഐ&പി.ആർ.ഡി
4) ശ്രീ. വി. ബാലഗോപാൽ, കമ്മിറ്റി അംഗം
5) ശ്രീ. സി. മോഹനൻ, കമ്മിറ്റി അംഗം
6) ശ്രീ. ശിവകുമാരൻ നായർ, കമ്മിറ്റി അംഗം
7) ശ്രീ. കെ. സുരേഷ് കുമാർ, ഇൻഫർമേഷൻ ഓഫീസർ (പി.ആർ)
8) ശ്രീമതി രാജശ്രീ. എസ്., അക്കൗണ്ട്സ് ഓഫീസർ

പെൻഷൻ പദ്ധതിയുടെ ഗുണഭോക്താക്കളെക്കുറിച്ചും പെൻ ഷൻ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളെക്കുറിച്ചും ഡയറക്ടർ ആമുഖമായി സംസാരിച്ചു. തുടർന്ന് കാര്യ പരിപാടികളിലേയ്ക്ക് കടന്നു.

<u>മുൻ ഉപസമിതി യോഗശുപാർശ (അജണ്ട-1 )</u>

<u>**2018 മെയ് 15-ലെ പത്രപ്രവർത്തകേതര പെൻഷൻ മാനേജിംഗ് കമ്മിറ്റി തീരുമാനങ്ങളും അതിന്മേൽ കൈക്കൊണ്ട നടപടികളും**</u>

ഈ അജണ്ടയിലെ പ്രധാനപ്പെട്ട ഇനങ്ങളെക്കുറിച്ച് ചർച്ച ചെയ്യാവുന്നതാണെന്ന് ഡയറക്ടർ അറിയിച്ചു. പെൻഷൻ കമ്മിറ്റി യോഗം കൂടുന്നതിൽ വർഷങ്ങളുടെ ഇടവേള ഉണ്ടാകുന്നുവെന്നും ആയത് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും എന്നാൽ മാത്രമേ പെൻഷൻ സോഫ്റ്റവെയർ നിലവിൽ വരുന്നതിന് മുമ്പ് ഇതിന്റെ അപാകതകൾ പരിഹരിക്കുവാൻ സാധിക്കുകയുള്ളൂവെന്നും ശ്രീ. വി. ബാലഗോപാൽ അഭിപ്രായപ്പെട്ടു. വളരെ വർഷങ്ങളായി മൂന്നോ നാലോ പെൻഷൻ കമ്മിറ്റികൾ മാത്രമേ കൂടിയിട്ടുള്ളൂ എന്നും 2000-ലാണ് ഈ ചട്ടം നിലവിൽ വന്നതെന്നും പിന്നീട് പുറപ്പെടുവിച്ച ഉത്തരവുകൾ കൂടിച്ചേർത്തതാണ് എന്നും ഇതുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു.

പെൻഷൻ സോഫ്റ്റവെയർ നിലവിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന നവംബർ 1-ന് മുമ്പ് പെൻഷൻ സോഫ്റ്റവെയറിൽ വരുത്തേണ്ട കൂട്ടിച്ചേർക്കലുകളുടെ കരട് അടുത്ത ഉപസമിതിയിൽ ചർച്ച ചെയ്യാമെന്നും ഇതുമായി ബന്ധപ്പെട്ട ഒരു സർക്കുലർ പുറപ്പെടുവിക്കുന്നതിന് ഫയൽ ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരത്തിന് സമർപ്പിക്കുവാനും തീരുമാനിച്ചു. ഇതിന്റെ കരട്, ഉപസമിതി അംഗങ്ങൾ സെപ്റ്റംബർ 4-നകം സമർപ്പിക്കേണ്ടതാണെന്നും ഇത് സെപ്റ്റംബർ 6-ന് കൂടുന്ന ഉപസമിതി മുമ്പാകെ ചർച്ച ചെയ്യേണ്ടതാണെന്നും തീരുമാനിച്ചത് അംഗീകരിച്ചു.

<u>മുൻ ഉപസമിതി യോഗശുപാർശ (അജണ്ട 2 )</u>

<u>**പത്രപ്രവർത്തകേതര പെൻഷൻ അനുവദിച്ചത് സാധൂകരണം.**</u>

ചുവടെ പറയുന്നവർക്ക് പത്രപ്രവർത്തകേതര പെൻഷൻ അനുവദിച്ച നടപടി 04.05.2021-ലെ സ.ഉ (സാധാ) നം. 73/2021/ഐ&പിആർ ഇനം നമ്പർ 7 ആയി ഉപസമിതിക്ക് കൂടുതൽ അധികാരം നൽകിയത് പ്രകാരം

സാധൂകരിച്ചു.

| | |
|---|---|
| 1. | ശ്രീ. എ.ജെ. മാത്യു, പാക്കർ, മലയാള മനോരമ |
| 2. | ശ്രീ. കെ.സി. തോമസ് കളപ്പുരയ്ക്കൽ, ജനറൽ മാനേജർ (മാർക്കറ്റിംഗ്), രാഷ്ട്രദീപിക |
| 3. | ശ്രീ. ജോസ് ജേക്കബ് പുത്തൻപുരയ്ക്കൽ, സെമി സ്കിൽഡ് വർക്കർ, മംഗളം |
| 4. | ശ്രീ. വി.വി. സാമുവൽ, മെഷീൻ ഓപ്പറേറ്റർ, മലയാള മനോരമ |
| 5. | ശ്രീ. ഇട്ടി. ഒ.സി., പേപ്പർമാൻ, മലയാള മനോരമ |
| 6 | ശ്രീ. റ്റി.എസ്. ബാബുലാൽ, അസിസ്റ്റന്റ് മാനേജർ (അഡ്വർടൈസ്മെന്റ്), മംഗളം |
| 7. | ശ്രീ. എം.എസ്. റഷീദ്, പായ്ക്കർ, മംഗളം |
| 8. | ശ്രീ. ചാക്കോ ജോർജ് ആഞ്ഞിലിമൂട്ടിൽ, പായ്ക്കിംഗ് മെഷീൻ ഓപ്പറേറ്റർ, മലയാള മനോരമ |
| 9 | ശ്രീ. സി.എച്ച്. പരമേശ്വര അയ്യർ, പായ്ക്കിംഗ് മെഷീൻ ഓപ്പറേറ്റർ, മാതൃഭൂമി |
| 10 | ശ്രീ. കെ.ഇ. വർഗീസ്, പേപ്പർമാൻ, മലയാള മനോരമ |
| 11. | ശ്രീ. സി.വി. മണിയച്ചൻ, ഓഫീസർ (സ്റ്റോഴ്സ്), മലയാള മനോരമ |
| 12 | ശ്രീ. കുര്യാക്കോസ് എബ്രഹാം, എക്സിക്യൂട്ടീവ് (സർക്കുലേഷൻ) മലയാള മനോരമ |
| 13 | ശ്രീ. റ്റി. വേണു, ഡെലിവറി പ്യൂൺ, മലയാള മനോരമ |
| 14 | ശ്രീ. തമ്പി തോമസ്, പ്ലേറ്റ് മേക്കർ, മംഗളം |
| 15 | ശ്രീ. ഷാജി ജോസഫ്, മസ്ദൂർ, മംഗളം |
| 16 | ശ്രീ. പി. ജോൺസൺ, ഡി.ജി.എം.(സർക്കുലേഷൻ), മംഗളം |
| 17 | ശ്രീ. പി.എ. മാത്യു, ഇന്റേണൽ ഓഡിറ്റ് ഓഫീസർ, മലയാള മനോരമ |
| 18 | ശ്രീ. പി. തോമസ് പുത്തൻപുരയ്ക്കൽ, പ്യൂൺ, മംഗളം |
| 19 | ശ്രീ. കെ.കെ.മുരളി, മെഷീൻമാൻ, ദേശാഭിമാനി |
| 20 | ശ്രീ. സി.എസ്. മോഹനൻ, ഫോർമാൻ |
| 21 | ശ്രീ. ആർ. ജോൺ ബോസ്കോ വാസു, ഷിഫ്റ്റ് ഇൻ ചാർജ് (ഓഫ് സെറ്റ് മെഷീൻ സെക്ഷൻ), മാതൃഭൂമി |
| 22 | ശ്രീ. കെ.പി. അബ്ദുൽ റഷീദ്, ഡെലിവറി പ്യൂൺ, മാധ്യമം |
| 23 | ശ്രീ. കെ. എം. കുര്യാക്കോസ്, പ്യൂൺ, മലയാള മനോരമ |
| 24 | ശ്രീ. എം.തോമസ് , മെഷീൻമാൻ, മലയാള മനോരമ |
| 25 | ശ്രീമതി സുധ മാത്യൂസ്, സോഫ്റ്റ്വെയർ കോ-ഓർഡിനേറ്റർ, കേരള കൗമുദി |
| 26 | ശ്രീ. സി.പി. സന്തോഷ് കുമാർ, മാനേജർ (അഡ്വർടൈസ്മെന്റ്), ദേശാഭിമാനി |
| 27 | ശ്രീ. ടി.ടി. തോമസ്, ഡെപ്യൂട്ടി മാനേജർ, മലയാള മനോരമ |
| 28 | ശ്രീമതി നിഷ ചന്ദ്രൻ, സ്പെഷ്യൽ അസിസ്റ്റന്റ് മാതൃഭൂമി |
| 29 | ശ്രീ.പി.പി. ബാബുരാജ്, ഓഫ് സെറ്റ് പ്രിന്റർ, ദേശാഭിമാനി |
| 30 | ശ്രീ. മുളയ്ക്കൽ ജയരാജൻ, മാനേജർ (എക്സിബിഷൻസ്), മാതൃഭൂമി |
